I ഇ.ബി. XV - കേരള നിയമസഭ/IX-7

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 സെപ്റ്റംബർ 13, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ വികസന പ്രവർത്തനങ്ങളും നിരവധി സാമൂഹ്യ സുരക്ഷാ പദ്ധതികളും മുടങ്ങിയതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ,

എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ സംബന്ധിച്ച് ഗൗരവത്തോടുകൂടി ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം അംഗീകരിക്കാം. പ്രസ്തുത വിഷയം ചർച്ച ചെയ്യാം.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. ഇ. കെ. വിജയൻ: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ 27 (എ) വകുപ്പുപ്രകാരം ഭൂമി തരം മാറ്റുന്നതിന് ആർ.ഡി.ഒ.-മാർ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് സർവ്വേയർമാർ ഫീൽഡ് പരിശോധനാ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. എൽ.ആർ.എം. (Land Records Maintenance) പരാതികൾ പരിഹരിക്കേണ്ടതുള്ളതുകൊണ്ടും ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ളതുകൊണ്ടും സർവ്വേയർമാർക്ക്

റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുന്നില്ല. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കാനും അവശേഷിക്കുന്ന തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ആർ.ഡി.ഒ.-മാർ തരംമാറ്റ ഉത്തരവ് നൽകിക്കഴിഞ്ഞാൽ പുതിയ സബ്ഡിവിഷൻസ് സൃഷ്ടിക്കുന്നതിനും ഭൂനികുതി നിയമ പ്രകാരം ഭൂനികുതി കണക്കാക്കുന്നതിനും തഹസീൽദാർമാർ ആവശ്യമായ പരിശോധനകൾ നടത്തി നടപടിക്രമം പുറപ്പെടുവിച്ച് ആയത് വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുത്ത് റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഒരു Standard Operating Procedure പ്രസിദ്ധീകരിച്ചിട്ടുണ്ട്. സബ്ഡിവിഷൻ ആവശ്യമില്ലാത്ത കേസ്സുകളിൽ ആർ.ഡി.ഒ.യുടെ ഉത്തരവ് താലൂക്ക് ഓഫീസുകളിൽ ലഭ്യമായാലുടൻതന്നെ നടപടിക്രമങ്ങൾ പാലിച്ച് വില്ലേജ് ഓഫീസർക്ക് ഭൂരേഖയിൽ മാറ്റം വരുത്തുന്നതിനായി അയച്ചുനൽകേണ്ടതാണ്. ആർ.ഡി.ഒ.-മാർ മാത്രം കൈകാര്യം ചെയ്യുന്ന തരംമാറ്റ അപേക്ഷകൾ ഒരു നിയമഭേദഗതിയിലൂടെ കൂടുതൽ ഉദ്യോഗസ്ഥർക്ക് ചുമതല നൽകി തീർപ്പാക്കാനുള്ള സമഗ്രമായ

പദ്ധതി സഭയിൽ ചർച്ച ചെയ്തതിനുശേഷം തീരുമാനിക്കാം.

## (2) വാഹനനിർമ്മാണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ

ശ്രീ. അനൂപ് ജേക്കബ്: സംസ്ഥാനത്ത് വാഹനങ്ങൾ തീപിടിക്കുന്ന സംഭവങ്ങൾ വർദ്ധിക്കുന്നത് സംബന്ധിച്ച് ആധികാരികമായ ഒരു പഠനം നടത്താനും ഇത് തടയുന്നതിന് ആവശ്യമായ മുൻകരുതലെടുക്കാനും അപകടങ്ങളെ നേരിടാൻ ഫയർഫോഴ്സിനെ അടക്കം സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): മനുഷ്യനിർമ്മിത കാരണങ്ങളാലും യന്ത്രതകരാറുകളാലും ഇലക്ട്രിക്കൽ സർക്യൂട്ടിന്റെ പ്രശ്നങ്ങൾമൂലവുമാണ് വാഹനങ്ങൾക്ക് തീപിടിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. ലോ വേരിയന്റ് വാഹനങ്ങളെ ഹൈ വേരിയന്റ് വാഹനങ്ങളാക്കാൻ നിയമവിരുദ്ധമായി ആൾട്ടറേഷൻസ് നടത്തുന്നതും ഇന്ധന ചോർച്ചയും തീപിടുത്തത്തിന് കാരണമാകുന്നു. ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## III <u>സബ്മിഷൻ</u>

### (1) നിപ വൈറസിനെതിരെ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്ത് നിപ വൈറസ് പരിശോധനയ്ക്കുള്ള അടിയന്തര സംവിധാനം ഏർപ്പെടുത്താനും ചികിത്സാ സംവിധാനങ്ങളും പ്രോട്ടോക്കോളും പരിഷ്കരിക്കാനും കൂടുതൽ ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകാനും രോഗികളുടെ ഡാറ്റ ശേഖരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോഴിക്കോട് മെഡിക്കൽ കോളേജിലും തോന്നയ്ക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലും നിപ വൈറസ് പരിശോധനയ്ക്കുള്ള സംവിധാനമുണ്ട്. 11-09-2023-ന് രാവിലെ അസ്വാഭാവിക പനി മരണം സംബന്ധിച്ച് അറിയിപ്പ് ലഭിച്ചയുടൻതന്നെ സാമ്പിൾ പരിശോധിച്ച് നിപ വൈറസ് സ്ഥിരീകരിച്ചെങ്കിലും അത് ഡിക്ലയർ ചെയ്യുന്നതിനുവേണ്ടിയാണ് പൂനെ എൻ.ഐ.വി.യിലേയ്ക്ക് സാമ്പിൾ അയച്ചത്. സംസ്ഥാനത്ത് തന്നെ നിപ വൈറസ് ഡിക്ലറേഷൻ സാധ്യമാക്കുന്നതിനുള്ള അനുമതിക്കുവേണ്ടി നടപടി സ്വീകരിക്കുന്നുണ്ട്. ചികിത്സാ പ്രോട്ടോക്കോളിൽ മാറ്റങ്ങൾ ആവശ്യമാണെങ്കിൽ ഉൾപ്പെടുത്താവുന്നതാണ്. യുദ്ധകാലാടിസ്ഥാനത്തിൽ

ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കാത്തത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) ഇ-ഫയലിംഗ് സമ്പ്രദായത്തിലെ അശാസ്ത്രീയത

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കോടതികളിൽ ശാസ്ത്രീയമായ ഇ-ഫയലിംഗ് സമ്പ്രദായം നടപ്പാക്കി ഗുമസ്തൻമാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേസ് ഫയലിംഗ് സാധ്യമാക്കുന്നതിനാണ് രാജ്യത്ത് ഇ-ഫയലിംഗ് നടപ്പിലാക്കിവരുന്നത്. ഇലക്ട്രോണിക് ഫയലിംഗ് റൂൾസ് ഫോർ കോർട്ട്സ് (കേരള) 2021 റൂൾ 10 പ്രകാരം ഇളവ് ഹർജികൾ, മാറ്റിവയ്ക്കൽ ഹർജികൾ, ജാമ്യ അപേക്ഷകൾ, പകർപ്പ്/കോടതി രേഖകൾക്കുള്ള അപേക്ഷകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോ, പ്രോസസ്സ് മെമ്മോ, ചെക്ക് അപേക്ഷകൾ തുടങ്ങിയവ കോടതി അനുമതിക്ക് വിധേയമായി ഇ-ഫയലിംഗിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതും 05-08-2023

മുതൽ ഇളവ് ഹർജികൾ, കുറ്റസമ്മതം നടത്തുന്ന കേസ്സുകളിലെ വക്കാലത്ത് മെമ്മോറാണ്ടം, ക്രിമിനൽ കോടതികളിലെ മുൻകൂർ ഹർജികൾ/മാറ്റിവയ്ക്കൽ അപേക്ഷകൾ, വാറണ്ട് തിരിച്ചുവിളിക്കൽ ഹർജികൾ, ജാമ്യക്കാരുടെ പട്ടിക, ജാമ്യത്തിനുവേണ്ടിയുള്ള ഗ്യാരണ്ടിയറുടെ സത്യവാങ്മൂലം, രേഖകളുടെ പട്ടിക, സമൻസ്, അറിയിപ്പ് ഫോമുകൾ, സാക്ഷിപ്പടി ഡെപ്പോസിറ്റ് മെമ്മോകൾ, പരിശോധന അപേക്ഷകൾ, പ്രോസസ്സ് മെമ്മോകൾ തുടങ്ങിയവ ഇ-ഫയലിംഗ് നിർബന്ധമല്ലാത്തവയോ ഓപ്ഷണലോ ആക്കിയിട്ടുള്ളതിനാലും അഭിഭാഷക ഗുമസ്ത സമൂഹം ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല.

(3) <u>അങ്കമാലി-ശബരി റെയിൽ പദ്ധതി</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: അങ്കമാലി-ശബരി റെയിൽവേ പാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടിമാത്രമേ അങ്കമാലി-ശബരി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ടി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പദ്ധതിയുടെ വിശദമായ റിപ്പോർട്ട് ദക്ഷിണ

റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ദക്ഷിണ റെയിൽവേ ആരാഞ്ഞ അധിക വിവരങ്ങളും പുതുക്കിയ എസ്റ്റിമേറ്റും റെയിൽവേയ്ക്ക് കൈമാറുകയും പദ്ധതിക്ക് 100 കോടി രൂപ അനുവദിക്കുകയും ചെയ്തു. ടി പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ട്.

## (4) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പത്തിരിപ്പാല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ധനാനുമതി നൽകിയിരുന്നു. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 2500 മീറ്റർ സ്ക്വയറിൽ കൂടുതലുള്ളതിനാൽ 'ഗൃഹ 3 സ്റ്റാർ' ചട്ടങ്ങൾ ബാധകമായതിനാലും ഡി.എസ്.ആർ., ജി.എസ്.ടി. നിരക്കിലുണ്ടായ മാറ്റമനുസരിച്ചും പുതുക്കിയ ധനാനുമതി നൽകിയിരുന്നു. സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ടി പദ്ധതി 12 മാസക്കാലയളവിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി

ടെക്നിക്കൽ സാംഗ്ഷൻ നൽകുകയും ഇതനുസരിച്ച് വർക്ക് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരികയുമാണ്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയാരംഭിക്കുന്നതിനും യഥാസമയം പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ വികസനം

ശ്രീ. ടി. വി. ഇബ്രാഹിം: കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിന്റെ സ്ഥലപരിമിതി പരിഹരിക്കുന്നതിനും ശീതീകരണ സംവിധാനം, ഗുണനിലവാര പരിശോധനാ ലാബ് എന്നിവ വിപുലപ്പെടുത്തുന്നതിനും ആധുനിക സൗകര്യങ്ങളുള്ള ട്രോളികൾ അനുവദിക്കുന്നതിനും ആഭ്യന്തര ചരക്കുസർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോഴിക്കോട് വിമാനത്താവളത്തിൽ ഏകദേശം 1060 സ്ക്വയർ ഫീറ്റ് സ്ഥലം മാത്രമാണ് എയർകാർഗോ എക്സ്പോർട്ട് പ്രവർത്തനങ്ങൾക്കായി നിലവിൽ കെ.എസ്.ഐ.ഇ. (Kerala State Industrial Enterprises)-ക്ക് അനുവദിച്ചിട്ടുള്ളത്. സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി എക്സ്റേ മെഷീൻ,

ഇ.റ്റി.ഡി. മെഷീൻ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ, ഹാന്റ് ഹെൽഡ് മെറ്റൽ ഡിറ്റക്ടർ, Electronic Surveillance System തുടങ്ങിയവ സ്ഥാപിക്കുകയും കാർഗോ സ്ക്രീൻ ചെയ്യുന്നതിനായി ബി.സി.എ.എസ്. (Bureau of Civil Aviation Security) അംഗീകരിച്ച എക്സ്റേ സ്ക്രീനർമാരെ നിയമിക്കുകയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ എക്സ്റേ മെഷീൻ, പാലറ്റ് ട്രക്ക്, ട്രോളികൾ, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഉടൻതന്നെ ഏർപ്പെടുത്തുന്നതാണ്. കൂടുതൽ സ്ഥലസൗകര്യം ലഭ്യമാകുന്നപക്ഷം ശീതീകരണ സംവിധാനവും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. ഡൊമസ്റ്റിക് കാർഗോ ടെർമിനലിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## (6) ജാതി സെൻസസ്

ശ്രീ. പി. കെ. ബഷീർ: സംസ്ഥാനത്ത് പിന്നാക്ക സംവരണം കൃത്യമായി പാലിക്കുന്നതിനായി ജാതി സെൻസസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാനത്ത്

ജാതി സെൻസസ് നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 2011-ൽ കേന്ദ്രഗവൺമെന്റ് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടപ്പിലാക്കിയപ്പോൾ Raw Caste data സംസ്ഥാനം ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത വിശദാംശങ്ങൾ കൈമാറാനാകില്ലെന്നും സാമൂഹികപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്നവരുടെ സംസ്ഥാന പട്ടിക തയ്യാറാക്കാനും സാമൂഹിക/സാമ്പത്തിക ജാതി സെൻസസ് നടത്താനും സംസ്ഥാന സർക്കാരുകൾക്ക് സ്വാതന്ത്ര്യമുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ജാതി സെൻസസ് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ ഇക്കാര്യം പിന്നീട് തീരുമാനിക്കാവുന്നതാണ്.

(7) ഗുരുവായൂർ അമൃത് പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: ഗുരുവായൂർ അമൃത് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനും മണലൂർ നിയോജകമണ്ഡലത്തിലെ തകർന്നുകിടക്കുന്ന പൂവത്തൂർ-പാവറട്ടി റോഡുകൾ പുനഃസ്ഥാപിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറാനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അമൃത് പദ്ധതിയുടെ ഭാഗമായി ഗുരുവായൂരിലെ പൂവത്തൂർ-പാവറട്ടി റോഡിലും ജൽജീവൻ മിഷനിൽ ഉൾപ്പെട്ട പാവറട്ടി-മുല്ലശ്ശേരി പദ്ധതികൾക്കുമുള്ള പൈപ്പുകൾ

സ്ഥാപിക്കുന്ന പ്രവൃത്തി കാലാവസ്ഥ പ്രതികൂലമായതിനാൽ സെപ്തംബർ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. കരാറുകാർ വീഴ്ചവരുത്തിയാലും ഡിപ്പാർട്ട്മെന്റ് ആ പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി, മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിൽ നിരന്തരമായുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കുന്നതിനാവശ്യമായ പ്രതിരോധ സംവിധാനം ഏർപ്പെടുത്താനും നിയമപരമായ മാർഗ്ഗങ്ങളിലൂടെ മൃഗങ്ങളുടെ എണ്ണപ്പെരുപ്പം നിയന്ത്രിക്കാനും കാർഷിക മേഖലയ്ക്ക് നാശം വിതയ്ക്കുന്ന മൃഗങ്ങളെ വെടിവച്ചുകൊല്ലാനുള്ള നിയമഭേദഗതി കൊണ്ടുവരാനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോട്ടയം ഡിവിഷനിൽ പീരുമേട്, കോരുത്തോട് ഭാഗം ഹോട്ട്സ്പോട്ടായി നിർണ്ണയിക്കുകയും ടി സ്ഥലത്ത് വനം വകുപ്പ് ജീവനക്കാരുടെ ഒരു ടീം രൂപീകരിച്ച് വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടുപന്നികളെ ഉപാധികളോടുകൂടി വെടിവച്ചുകൊല്ലുന്നതിനുള്ള തീരുമാനമാണ് നിലവിലുള്ളത്. സോളാർ വേലിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യജീവിശല്യം തടയുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി സോളാർ ഹാങിംഗ് ഫെൻസും എലിഫന്റ് പ്രൂഫ് ട്രെഞ്ചും നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്. സോളാർ വേലിയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആക്രമണമുണ്ടായാൽ തടയുന്നതിനും ഉദ്യോഗസ്ഥരെയും തദ്ദേശീയരെയും ഉൾപ്പെടുത്തി വാർഡുതല സമിതികൾ രൂപീകരിക്കുകയും സോളാർ വേലികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും പ്രസ്തുത സമിതികളുടെ മേൽനോട്ടത്തിൽ നടന്നുവരികയുമാണ്.

(9) ചെങ്ങമനാട് ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റുന്നതിനുള്ള നടപടി

ശ്രീ. അൻവർ സാദത്ത്: ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന വിധത്തിൽ കോട്ടായിയിൽ സ്ഥാപിച്ചിട്ടുള്ള ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 21-8-2023-ൽ പ്രവർത്തനം ആരംഭിച്ച

എറണാകുളം ഡിവിഷനിലെ അത്താണി ഷോപ്പിന് നിയമപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുള്ള കെട്ടിടത്തിലാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഷോപ്പ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങളും പാർക്കിംഗ് സൗകര്യവും ലഭ്യമാണ്. ഈ ഷോപ്പിന് ഒബ്ജക്ഷണബിളായ സ്ഥാപനം അഞ്ഞൂറ് മീറ്റർ പടിഞ്ഞാറ് മാറിയുള്ള പള്ളിയാണ്. നിലവിൽ ഷോപ്പിന് സമീപം ജനകീയസമരങ്ങളോ മറ്റ് അക്രമസംഭവങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) <u>ഭിന്നശേഷിക്കാരുടെ സ്വയംതൊഴിൽ ഉല്പന്നങ്ങളുടെ വിൽപ്പന</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: ഭിന്നശേഷി വിഭാഗക്കാരുടെ സ്വയംതൊഴിൽ ഉല്പന്നങ്ങൾ സർക്കാർ ബ്രാൻഡിൽ പുറത്തിറക്കുന്നതിനും സഹകരണ സൂപ്പർ മാർക്കറ്റുകൾ, സപ്ലൈകോ സ്ഥാപനങ്ങൾ എന്നിവ വഴി വിൽപ്പന നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ഭിന്നശേഷി വിഭാഗക്കാർ ഉല്പാദിപ്പിക്കുന്ന വിവിധ ഉല്പന്നങ്ങളുടെ ഗുണമേന്മയും വില്പന സാധ്യതയും കണക്കിലെടുത്ത് സർക്കാർ സഹകരണ സപ്ലൈകോ

സ്ഥാപനങ്ങൾ മുഖേന വില്പന നടത്തി അവരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം പരിഗണിക്കാവുന്നതാണ്. നിലവിൽ നിപ്മർ കേന്ദ്രീകരിച്ച് ഭിന്നശേഷിക്കാരുടെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു സൂപ്പർമാർക്കറ്റ് സജ്ജമാക്കിയിട്ടുണ്ട്.

(11) <u>സ്കൂൾ പാചകത്തൊഴിലാളികളുടെ ആനുകൂല്യം</u>

<u>ശ്രീ. എം. നൗഷാദ്</u>: സ്കൂൾ പാചകത്തൊഴിലാളികളുടെ പെൻഷൻ പ്രായം നിശ്ചയിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി നിശ്ചിത ഓണറേറിയം വ്യവസ്ഥയിൽ തെരഞ്ഞെടുക്കുന്ന സ്കൂൾ പാചകത്തൊഴിലാളികൾക്ക് നിലവിൽ ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ല. 18 മുതൽ 80 വയസ്സ് വരെ പ്രായപരിധിയിലുള്ള പാചകത്തൊഴിലാളികൾ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. കേരളത്തിലെ പാചകത്തൊഴിലാളികൾക്ക് പരമാവധി 675 രൂപയാണ് ഓണറേറിയമായി നൽകുന്നത്. ഓണറേറിയം

വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഇവർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങൾക്കോ നിലവിൽ അർഹതയില്ല. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമ്പോൾ സ്കൂൾ പാചകത്തൊഴിലാളികളുടെ കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(12) പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. കെ. വി. സുമേഷ്: ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് പാപ്പിനിശ്ശേരി ഇ.എസ്.ഐ. ആശുപത്രി പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിലുള്ള പാപ്പിനിശ്ശേരി ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. ലിസ്റ്റില്ലാത്ത മറ്റ് തസ്തികകളിൽ താൽക്കാലികമായും വർക്ക് അറേഞ്ച്മെന്റിലൂടെയും ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. സ്ഥലം എം.എൽ.എ., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട്

ഒരു യോഗം ചേർന്ന് ആശുപത്രി പ്രവർത്തനത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(13) റേഷൻ കടകൾക്കുള്ള കമ്മീഷൻ

ശ്രീ. ജി. സ്റ്റീഫൻ: കോവിഡ് കാലത്തെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണവുമായി ബന്ധപ്പെട്ട് റേഷൻ കടകൾക്കുള്ള കമ്മീഷൻ വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കോവിഡ് കാലത്തെ ഭക്ഷ്യകിറ്റ് വിതരണവുമായി ബന്ധപ്പെട്ട് രണ്ടുതവണയായി 10 കോടിയിൽപ്പരം രൂപ കമ്മീഷൻ ഇനത്തിൽ നൽകിയിട്ടുണ്ട്. കിറ്റുകൾക്ക് തുടർന്നും കമ്മീഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് റേഷൻ വ്യാപാരികൾ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ അനുകൂല വിധിയുണ്ടാകുകയും കേസ് ഫയൽ ചെയ്ത കക്ഷികൾക്ക് മാത്രം കമ്മീഷൻ നൽകിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയുമായി ഉന്നതതല ചർച്ച നടത്തി കമ്മീഷൻ വിതരണം ചെയ്യുന്ന കാര്യത്തിൽ പരിഹാരം കാണുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(14) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ അടിസ്ഥാന സൗകര്യവികസനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ നവീകരിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): അമൃത് ഭാരത് പദ്ധതിയിലുൾപ്പെടുത്തി വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷന്റെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. റെയിൽവേ കോളനി ഭാഗത്തേയ്ക്ക് പോകുന്നതിനായി പ്രായോഗികമാകുന്ന പക്ഷം ഫൂട്ട് ഓവർ ബ്രിഡ്ജും പുല്ലാനിക്കാട് ഭാഗത്തേയ്ക്ക് പോകാൻ അടിപ്പാത നിർമ്മാണവും ഡെപ്പോസിറ്റ് സ്കീമിൽ പരിഗണിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രതിദിനം ശരാശരി യാത്രക്കാരുടെ എണ്ണം 1000-ൽ താഴെയായതിനാൽ എസ്കലേറ്റർ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. അകമല റെയിൽവേ ഓവർ ബ്രിഡ്ജിനായുള്ള സ്ഥലം റെയിൽവേ സ്ഥിരീകരിച്ചു നൽകുന്ന വിഷയത്തിലും അടിയന്തരമായി അനുകൂല നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(15) <u>ജസ്റ്റിസ് ജെ. ബി. കോശി റിപ്പോർട്ടിന്മേൽ തുടർനടപടി</u>

<u>ശ്രീ. റോജി എം. ജോൺ</u>: ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ അടിയന്തര തുടർനടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാനായി രൂപീകൃതമായ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്. കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി IV, IX, XI എന്നിവയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ എട്ട് മുതൽ പതിനൊന്ന് വരെയുള്ള റിപ്പോർട്ടുകളും ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## V നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2023-ലെ കേരള നെവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ച് നൽകിയതും അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ

പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിനായി പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സഹായകരമാകും. ചുറ്റുപാടും കരഭൂമിയായി മാറിയിരിക്കുന്ന/തരിശായി ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശങ്ങൾ/പത്ത് സെന്റിൽ താഴെയുള്ള തുണ്ടുഭൂമികൾ എന്നിവ ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടാത്തതുമൂലം സാധാരണക്കാരായ ആളുകൾക്ക് വീട് വയ്ക്കാൻ സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. ഡാറ്റാബാങ്കിൽനിന്നും ഒഴിവാക്കപ്പെടുന്ന ഭൂമിയെ സംബന്ധിച്ച വിജ്ഞാപനം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ യഥാസമയം പ്രസിദ്ധീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രദേശികതല നിരീക്ഷണ സമിതിയുടെ പ്രവർത്തനം ഫലപ്രദമാണോയെന്ന് പരിശോധിക്കാനും സമിതിയുടെ ചെയർമാൻ സ്ഥാനത്ത് ജോലിഭാരം കുറഞ്ഞ ഉദ്യോഗസ്ഥനെ നിയമിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. ഇരുപത്തിയഞ്ച് സെന്റിൽ താഴെയുള്ള ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട

കാര്യത്തിൽ വ്യക്തത വരുത്തണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ച് നൽകിയിട്ടുള്ളതും ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്ന നിയമം ഭേദഗതി ചെയ്യുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസറുടെ അധികാരം ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കുകൂടി നൽകുന്നത് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തനപ്പെടുത്തുന്നതും രൂപപ്പെടുത്തുന്നതും തടഞ്ഞുസംരക്ഷിക്കുക എന്ന നിയമത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് തുരങ്കം വയ്ക്കാൻ ഇടയാക്കും. 2008-ൽ നിലവിൽ വന്ന പ്രസ്തുത നിയമത്തിന്റെ ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. ഭൂമി തരംമാറ്റുന്ന നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും റവന്യൂ ഓഫീസുകളിലെ കാലതാമസവും കാരണം ജനങ്ങൾ ദുരിതമനുഭവിക്കുന്നു. നെൽവയൽ ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമികൾക്കുള്ള ഫെയർവാല്യൂ പൊതുവായി നിശ്ചയിച്ച് പരസ്യപ്പെടുത്താനും ഭൂമി തരം

മാറ്റുന്നതിനുള്ള ഫീസ് നിരക്ക് ഏകീകരിക്കാനുമാവശ്യമായ നിർദ്ദേശം നൽകണം. കാർഷിക അഭിവൃദ്ധി ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കാനും അനധികൃതമായി നികത്തിയ നെൽവയൽ-തണ്ണീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാനുമുള്ള നടപടി സ്വീകരിക്കണം. അർഹതപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൊതുജനങ്ങൾ കോഴ നൽകേണ്ടിവരുന്നതും അഴിമതിക്കാരെ കണ്ടെത്താൻ വകുപ്പിൽ സംവിധാനമില്ലെന്നുള്ളതും ഖേദകരമാണ്. 2008-ൽ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് തരംമാറ്റിയ ഭൂമി ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് ആശങ്കാജനകമാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സംസ്ഥാനത്തുണ്ടായിരുന്ന നെൽപ്പാടത്തിന്റെ അളവ് ഇനിയും കുറയാതിരിക്കാൻ കർശന നടപടി സ്വീകരിക്കണം. ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട സാധാരണക്കാരുടെ പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കാനും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അന്തഃസത്ത ശരിയായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സാധിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ

(ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. റവന്യൂ വകുപ്പിൽ കാലാനുസൃതമായ മാറ്റംവരുത്തി സക്രിയമാക്കുന്നതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഡിജിറ്റൽ സർവ്വേ നടത്തി ചാത്തന്നൂർ മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് ആക്കുന്നതിന് നടപടി സ്വീകരിക്കണം. ജനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ 10 ദിവസത്തിനകം തീർപ്പ് കൽപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. തണ്ണീർത്തടങ്ങളും നെൽവയലുകളും ഭാവി തലമുറയ്ക്കായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ കഴിയണം. നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിസ്തൃതിയിൽ കുറവുവരുന്നത് ഭക്ഷ്യ സുരക്ഷയെ ഗുരുതരമായി ബാധിക്കുന്ന കാര്യമാണ്. 2008-നുമുൻപ് തരംമാറ്റപ്പെട്ട സ്ഥലങ്ങൾ റവന്യൂ റെക്കോർഡിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ കൊണ്ടുവന്നത് അഭിനന്ദനാർഹമാണ്. തരംമാറ്റുന്നതിനുള്ള അപേക്ഷകളുടെ എണ്ണം കണക്കിലെടുത്ത് ആർ.ഡി.ഒ.-യിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങൾ ഡെപ്യൂട്ടി കളക്ടർക്കുകൂടി വിഭജിച്ചുനൽകാൻ തീരുമാനിച്ചതും

സമയബന്ധിതമായി ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സ്മാർട്ട് സേവനങ്ങൾ നടപ്പിലാക്കിയതും ആശാവഹമാണ്.

ശ്രീ. മോൻസ് ജോസഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള നിയമത്തിന്റെ സങ്കീർണ്ണതകൾമൂലം സമർപ്പിച്ച അപേക്ഷകളിന്മേൽ യഥാസമയം തീർപ്പുകൽപ്പിക്കാൻ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന്റെ ഭാഗമായി ആർ.ഡി.ഒ.-യിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ ഡെപ്യൂട്ടി കളക്ടർക്കുകൂടി വിഭജിച്ചുനൽകുന്നത് ആശ്വാസകരമാണെങ്കിലും മതിയായ ജീവനക്കാരുടെ അഭാവംമൂലം പരാതികൾ വേഗത്തിൽ പരിഹരിക്കാൻ സാധിക്കുന്നില്ലെന്നുള്ളത് സർക്കാർ പരിശോധിക്കണം. ജില്ലാ/ പ്രാദേശികതല സമിതികൾ ജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കണം. വില്ലേജ്/താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ സ്പെഷ്യൽ അദാലത്ത്

സംഘടിപ്പിക്കണം. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ സഹകരണത്തോടെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ റിവ്യൂ നടത്തി പരമാവധി വേഗത്തിൽ ആളുകൾക്ക് പട്ടയം കൊടുക്കുമെന്ന തീരുമാനം സ്വാഗതാർഹമാണ്. അനധികൃത നിലം നികത്തൽ തടയുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും കഴിയുന്ന തരത്തിൽ ഈ നിയമത്തെ പ്രയോജനപ്പെടുത്തണം. ഡാറ്റാ ബാങ്കിൽ വന്നിട്ടുള്ള ഗുരുതര പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടൽ നടത്തണം. കട്ടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാരിന്റെ അനാസ്ഥമൂലം നഷ്ടപ്പെടുന്ന സ്ഥിതി ഒഴിവാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായൊരു ഭേദഗതിയാണ് രണ്ടാം വകുപ്പിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്മാർട്ട് സേവനത്തിന്റെ ഭാഗമായി നേരിട്ട് ലഭ്യമായിട്ടുള്ള 226901 അപേക്ഷകളിൽ 223077 അപേക്ഷകളും 2022 ഫെബ്രുവരി മുതൽ ഓൺലൈനായി ലഭ്യമായിട്ടുള്ള 311167 അപേക്ഷകളിൽ 82528 എണ്ണവും തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് 42

ഡെപ്യൂട്ടി കളക്ടർമാരെയും 27 സബ് കളക്ടർമാരെയും വികേന്ദ്രീകരിച്ചുകൊണ്ട് പരിഹാരം കാണുന്നതാണ്. 25 സെന്റുവരെയുള്ള ഭൂമി തരം മാറ്റുന്നതിന് പണം അടയ്ക്കേണ്ടതില്ലെന്ന നിർദ്ദേശം എസ്.ആർ.ഒ. പുറപ്പെടുവിച്ച് ചട്ടത്തിന്റെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടുന്നത് പരിസ്ഥിതിക്കും വിവിധ സസ്യ, ജന്തുവിഭാഗങ്ങൾക്കും കടുത്ത ആഘാതമാണുണ്ടാക്കുന്നത്. ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുന്നില്ലെന്ന പരാതി സർക്കാർ ഗൗരവമായി കാണുകയാണ്. ഇതിന്റെ ഭാഗമായി റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തോടെ ഇതുവരെയും ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2023 സെപ്റ്റംബർ 16-ന് മുമ്പ് അവ പ്രസിദ്ധീകരിച്ച് സബ്ജക്ട് കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്ക് സംബന്ധിച്ച പരാതികൾ ആർ.ഡി.ഒ.-മാർ പരിശോധിച്ച് തിരുത്തലുകൾ വരുത്തി പുതിയ ഡാറ്റാ ബാങ്ക് ഒരു മാസത്തിനുള്ളിൽ നോട്ടിഫൈ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 77 താലൂക്കുകളിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പരാതികൾക്ക് നിയമം അനുശാസിക്കുന്ന

വിധത്തിൽ പരിഹാരം കാണുന്നതിനായി അധിക ജീവനക്കാരെ നിയമിക്കുന്നതാണ്. റെസ്റ്റൊറേഷൻ നടത്താൻ ഉത്തരവായിട്ടുള്ള സ്ഥലങ്ങളിൽ നിന്നുള്ള മണ്ണ് ദേശീയപാതാ നിർമ്മാണത്തിനും സ്വകാര്യവ്യക്തികളുടെ ആവശ്യത്തിനും സർക്കാരിന്റെ പൊതു ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. സീറോ കറപ്ഷൻ ക്യാമ്പയിനിന്റെ ഭാഗമായി 5 തലത്തിലുള്ള ഇൻസ്പെക്ഷൻ ആരംഭിക്കുന്നതും ഒരു മാസം ചുരുങ്ങിയത് 500 ഇടങ്ങളിൽ പരിശോധന നടത്തുന്നതും വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ച് റവന്യൂ വകുപ്പിനെ ശക്തിപ്പെടുത്തുന്നതുമാണ്. നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ വേഗത്തിൽ തീർപ്പുണ്ടാക്കാനും അനധികൃതമായി നികത്തപ്പെട്ട മുഴുവൻ ഭൂമിയും തിരിച്ചുപിടിക്കാനും കഴിയുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

183. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xv എ)-ൽ "കളക്ടർ" എന്നതിന് പകരം "കളക്ടറുടെ" എന്ന് ചേർക്കുക.

135, 143, 151, 155, 156, 158, 161, 162, 166, 170, 171, 181, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

119, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI അടിയന്തരപ്രമേയ ചർച്ച

### സാമ്പത്തിക പ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കാൻ തയ്യാറായതിൽ സർക്കാരിനെ അഭിനന്ദിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ സമീപനങ്ങളും സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. 15-ാം ധനകാര്യ കമ്മീഷൻ ആകെ 16 സംസ്ഥാനങ്ങൾക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചപ്പോൾ ഏറ്റവും കൂടുതൽ ലഭ്യമായത് കേരളത്തിനാണ്. എല്ലാ സാധനങ്ങളുടെയും വില വർദ്ധിപ്പിച്ചതോടൊപ്പം വെള്ളക്കരം, ഭൂമിയുടെ വില, വൈദ്യുതി ചാർജ്ജ്, വീട്ടുകരം എന്നിവ വർദ്ധിപ്പിച്ച് സാധാരണക്കാരുടെമേൽ നികുതിഭാരം അടിച്ചേൽപ്പിക്കുകയാണ്. കിഫ്ബി ആരംഭിച്ചപ്പോൾ മുതൽ ഇത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരുമെന്ന് പ്രതിപക്ഷം ആവർത്തിച്ചു പറഞ്ഞിട്ടും സർക്കാർ അംഗീകരിക്കാൻ തയ്യാറായില്ല. ഇതുകാരണം സംസ്ഥാനത്തെ എല്ലാ പദ്ധതികളും താറുമാറായിരിക്കുകയാണ്. സാമ്പത്തികപ്രതിസന്ധിയുടെ ഫലമായി അഞ്ചു ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾക്ക് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയതുമൂലം പാവപ്പെട്ട ജനങ്ങളുടെ ആശ്വാസമായ നിരവധി സാമൂഹ്യ സുരക്ഷ പദ്ധതികളാണ് മുടങ്ങിയിരിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും ക്ഷേമ പെൻഷൻ 1600 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. ഏകദേശം മൂന്ന് ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചുനൽകുകയുണ്ടായി. കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും നാഷണൽ ഹൈവേ, ഇടമൺ-കൊച്ചി പവർ ഹൈവേ തുടങ്ങിയവ യാഥാർത്ഥ്യമാക്കിയതുൾപ്പെടെ സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനായത് ഗവൺമെന്റിന്റെ നേട്ടമാണ്. കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച 12.1 ശതമാനമായി വർദ്ധിച്ചതും സംരംഭക വർഷത്തിന്റെ ഭാഗമായി 5400 കോടിയിലധികം രൂപയുടെ നിക്ഷേപമുണ്ടായതും അഭിമാനകരമാണ്. സംസ്ഥാനത്തിന് അർഹമായ വിഹിതം വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര സർക്കാർ നടപടികളെ പിന്തുണയ്ക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: കേരളത്തിന്റെ ആശങ്കാജനകമായ സാമ്പത്തിക സ്ഥിതിയെപ്പറ്റിയുള്ള അടിയന്തരപ്രമേയം ചർച്ച ചെയ്യാനെടുത്ത

തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പാർലമെന്റിൽ ഏറെ ഗൗരവത്തോടെ ഉന്നയിക്കുന്ന യു.ഡി.എഫ് അംഗങ്ങളെ ആക്ഷേപിക്കാനുള്ള ഭരണപക്ഷ ശ്രമം അപലപനീയമാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്തെ തകർത്ത് തരിപ്പണമാക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 7 വർഷംകൊണ്ട് സംസ്ഥാനത്തിന്റെ കടം 4 ലക്ഷം കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. വൻകിട വികസന പദ്ധതികൾ നടപ്പാക്കാനോ എം.എൽ.എ ഫണ്ട് വർദ്ധിപ്പിക്കാനോ ഗവൺമെന്റിന് സാധിച്ചിട്ടില്ല. സംസ്ഥാനം സാമ്പത്തിക തകർച്ച നേരിടുന്ന ഘട്ടത്തിൽപ്പോലും വസ്തുതകൾ മനസ്സിലാക്കാൻ സർക്കാർ ശ്രമിക്കാത്തത് ഖേദകരമാണ്. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയോ സ്കൂളുകളിലെ ഉച്ചഭക്ഷണത്തിനുള്ള തുകയോ അനുവദിക്കുന്നില്ല. വെള്ളക്കരം, വൈദ്യുതി/ബസ് ചാർജ്, ഭൂനികുതി, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയവ വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ മേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിച്ച് ലഭിക്കുന്ന തുക ധൂർത്തിനും അഴിമതിക്കുംവേണ്ടി ചെലവഴിക്കുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തുകയും ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതവും വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് കോൺഗ്രസ്

നേരത്തെ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. പി. എസ്. സുപാൽ: രാജ്യത്ത് ഏറ്റവും കൂടുതൽ വികസനം നടക്കുന്ന സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭകരമല്ലെന്ന് കാണിച്ച് സ്കൂളുകൾ അടച്ചുപൂട്ടുന്ന സമീപനം സ്വീകരിച്ചപ്പോൾ ഈ സർക്കാർ കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയും ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റുകയും ചെയ്തു. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 7 വർഷത്തിനുള്ളിൽ 10 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പ്രവേശനം നേടിയെന്നത് ശ്രദ്ധേയമാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സർക്കാർ ആശുപത്രിയെ സമീപിക്കുന്ന സംസ്ഥാനം കേരളമായി മാറിയത് ആരോഗ്യ മേഖലയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ കൊണ്ടാണ്. ലൈഫ് പദ്ധതിയിലൂടെ 3.50 ലക്ഷം വീടുകൾ പൂർത്തീകരിക്കുകയും 1.16 ലക്ഷം വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയായി വർദ്ധിപ്പിച്ച് മുടങ്ങാതെ നൽകികൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് 7 വർഷ കാലയളവിനുള്ളിൽ 9,100 കോടി രൂപയാണ് നൽകിയത്. കാസർഗോഡ്

മുതൽ തിരുവനന്തപുരം വരെ ദേശീയപാതാ വികസനം നടപ്പാക്കുന്നത് ഇടതുപക്ഷ മുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. പൊതുവിപണിയിൽ 19000 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചത്. ജി.എസ്.ടി. വിഹിതം, ഡെഫിസിറ്റ് ഗ്രാന്റ്, കടമെടുപ്പ് പരിധി എന്നിവ വെട്ടിക്കുറച്ചും പെൻഷൻ, സ്കൂളുകളിലെ ഉച്ചഭക്ഷണം, റേഷൻ വിതരണം തുടങ്ങിയവയിലെ കുടിശ്ശിക അനുവദിക്കാതെയും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. മികച്ച സാമ്പത്തിക മാനേജ്മെന്റുമൂലം ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. രാജ്യത്ത് നെൽകർഷകർക്ക് ഏറ്റവും കൂടുതൽ സംഭരണവില നൽകുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന് അർഹതപ്പെട്ട വിഹിതം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ യു.ഡി.എഫ്. എം.പി.-മാർ തയ്യാറാകുന്നില്ലെന്നതാണ് വസ്തുത.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി ചർച്ച ചെയ്യുന്നതിനാണ് അടിയന്തര പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക്

പണമില്ലെന്നുള്ളത് വസ്തുതയാണ്. 2016-ൽ സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ പറഞ്ഞതുപോലെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് സംസ്ഥാനം നേരിടുന്നത്. സാമ്പത്തിക ബുദ്ധിമുട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് വികസന പ്രവർത്തനങ്ങൾ നടക്കാത്തതെന്ന് വ്യക്തമാക്കണം. സമസ്ത മേഖലകളിലും കേരളം കൈവരിച്ച നേട്ടങ്ങൾ ദീർഘകാലംകൊണ്ടുണ്ടായതാണ്. ആശുപത്രികൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയും മെച്ചപ്പെട്ട ചികിത്സാ സഹായങ്ങളും നിർത്തലാക്കിയിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാർക്ക് പെൻഷൻ കുടിശ്ശികയും ഡി.എ. ആനുകൂല്യങ്ങളും നൽകിയിട്ടില്ല. നെൽകർഷകർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാനോ ഡെവലപ്മെന്റ് വർക്ക് നടത്താനോ കഴിയുന്നില്ല. ഫണ്ട് ലഭിക്കാത്തതുമൂലം ആരോഗ്യം/ വിദ്യാഭ്യാസം/പൊതുമരാമത്ത്/വ്യവസായം തുടങ്ങി സമസ്ത മേഖലകളും പ്രതിസന്ധിയിലാണ്. പല ജില്ലകളിലേയും സ്കൂളുകളിൽ പ്ലസ് ടു-വിന് ഒരു ക്ലാസ്സിൽ 65 കുട്ടികളെവരെ ഇരുത്തി പഠിപ്പിക്കേണ്ടിവരുന്നത് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം താഴോട്ട് പോകുന്നതിനെയാണ് സൂചിപ്പിക്കുന്നത്. വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ

പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതും സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് അടിസ്ഥാന ശമ്പളം മാത്രം എന്ന സമീപനം സ്വീകരിച്ചതും ലീവ് സറണ്ടർ നിർത്തലാക്കിയതും യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. 18 മാസക്കാലത്തെ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും പെൻഷൻതുക വർദ്ധിപ്പിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ഓണത്തെ വരവേൽക്കാൻ 18,000 കോടി രൂപയാണ് പല മേഖലകളിലായി ഈ സർക്കാർ ചെലവാക്കിയത്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാ മേഖലയിലുള്ളവർക്കും ഓണം ആനുകൂല്യങ്ങൾ എത്തിക്കാൻ കഴിഞ്ഞതും സമസ്ത മേഖലകളിലും ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതും നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ കഴിഞ്ഞതും ഈ സർക്കാരിന്റെ പ്രവർത്തന മികവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസിയുടെ റിപ്പോർട്ടിൽ കേരളത്തിന്റെ സാമ്പത്തിക രംഗം കൂടുതൽ

സ്ഥിരത കൈവരിച്ചിരിക്കുന്നവെന്നും ആർ.ബി.ഐ.യുടെ പഠന റിപ്പോർട്ടിൽ ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണെന്നുമാണ് ചൂണ്ടിക്കാണിക്കുന്നത്. നാൽപ്പതിനായിരം കോടിയോളം രൂപ കേന്ദ്രവിഹിതത്തിൽ കുറവ് വന്നിട്ടും സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിച്ചും ശരിയായ സാമ്പത്തിക നിലപാട് സ്വീകരിച്ചും പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോട്ടുപോകുന്ന സർക്കാരാണിത്. 24,000 കോടി രൂപയുടെ വർദ്ധനവാണ് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് തനത് നികുതി വരുമാനത്തിലുണ്ടായിട്ടുള്ളത്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതിവിഹിതം വെട്ടിക്കുറച്ചും കേന്ദ്രം സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി ഇടപാടുകൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും കാർഷിക മേഖല തകർച്ച നേരിടുകയുമാണ്. റബ്ബർ വില സ്ഥിരതാ ഫണ്ടിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അനുവദിച്ചിട്ടില്ല. കരാറുകാർക്ക് യഥാസമയം പണം നൽകാൻ സാധിക്കാത്തതിനാൽ റോഡ് നിർമ്മാണം സ്തംഭനാവസ്ഥയിലായിരിക്കുകയാണ്. വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റേറ്റ് റിവിഷൻ നടപ്പാക്കണം.

ശ്രീ. ജോബ് മൈക്കിൾ: ജി.എസ്.ടി കോമ്പൻസേഷൻ നിർത്തലാക്കിയും മറ്റും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമത്തെ നേരിടാൻ ധനകാര്യവകുപ്പിന് സാധിച്ചിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: വിഭവ സമാഹരണം നടത്താതെയും നികുതി കുടിശ്ശിക പിരിച്ചെടുക്കാതെയും കടമെടുപ്പിനെ മാത്രം ആശ്രയിക്കുന്ന ഈ സർക്കാർ അവധാനതയില്ലാതെ എല്ലാ നികുതികളും വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുകയാണ്. നിർമ്മാണ മേഖലയും ചെറുകിട വ്യാപാര മേഖലയും സ്തംഭനാവസ്ഥ നേരിടുകയാണ്. ഫെയർ വാല്യൂവിലെ അപാകത പരിഹരിക്കാതെ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചത് ഭൂമി രജിസ്ട്രേഷൻ കുറയാൻ കാരണമായിട്ടുണ്ട്. നെൽ/റബ്ബർ കർഷകരെ ദുരിതത്തിലാക്കുകയും സാമൂഹ്യ സുരക്ഷാ പദ്ധതികൾ അവതാളത്തിലായിരിക്കുകയുമാണ്.

ശ്രീ. വി. ജോയി: കേന്ദ്ര സർക്കാർ ധനകാര്യ കമ്മീഷൻ വിഹിതം വെട്ടിക്കുറച്ചും കടമെടുപ്പ് പരിധി നിയന്ത്രിച്ചും ഗ്രാന്റുകൾ യഥാസമയം നൽകാതെയും ജി.എസ്.ടി നഷ്ടപരിഹാരത്തുക നിർത്തലാക്കിയും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കാൻ ശ്രമിക്കുമ്പോഴും

വിഭവസമാഹരണത്തിലൂടെ സാമ്പത്തിക മേഖല മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. 2022-23 സാമ്പത്തിക വർഷം തനതു വരുമാനമായി 70,000 കോടി രൂപ സമാഹരിക്കാനും ധനക്കമ്മിയിൽ കുറവ് വരുത്താനും സാധിച്ചു. കേരളത്തിന് അർഹതപ്പെട്ട തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷ എം.പി.-മാർ തയ്യാറാകുന്നില്ല.

ശ്രീ. തോമസ് കെ. തോമസ്: പ്രളയം, കോവിഡ് രോഗവ്യാപനം എന്നിവ ഫലപ്രദമായി നേരിടാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന സാമ്പത്തിക അവഗണനയ്ക്കെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷ എം.പി.-മാർ സ്വമേധയാ മുന്നോട്ടുവരേണ്ടതാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം തടഞ്ഞുവയ്ക്കുന്നതും അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കേരളത്തെ തകർക്കാൻ ശ്രമിക്കുന്നതും പ്രതിഷേധാർഹമാണ്.

ശ്രീ. കെ. വി. സുമേഷ്: സംസ്ഥാനത്തിന് അർഹമായ നികുതിപ്പണം, ജനസംഖ്യാനുപാതികമായുള്ള വിഹിതം എന്നിവ ലഭ്യമാക്കാതെയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും കേന്ദ്രസർക്കാർ സ്വീകരിക്കുന്ന വഞ്ചനാപരമായ നിലപാടിനെപ്പറ്റി പ്രതിപക്ഷം ഒന്നും മിണ്ടുന്നില്ല.

കിഫ്ബിയിലൂടെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിലുണ്ടായ വലിയ മാറ്റം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ശരിയായ നയത്തിന്റെ ഭാഗമാണ്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്രസർക്കാരുണ്ടാക്കിയ ധനപ്രതിസന്ധിയുടെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുമേൽ കെട്ടിവയ്ക്കരുത്. കേന്ദ്രസർക്കാരിന്റെ ഈ നടപടിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനം ചരിത്രത്തിലെങ്ങുമില്ലാത്ത വിധത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുവെന്നത് വസ്തുതയാണ്. കേന്ദ്ര ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം വർദ്ധിപ്പിക്കണമെന്നത് തന്നെയാണ് പ്രതിപക്ഷത്തിന്റെ നിലപാട്. നികുതി കൃത്യമായി പിരിച്ചെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. കേരളം നികുതി വെട്ടിപ്പുകാരുടെ പറുദീസയായി മാറിയിരിക്കുകയാണ്. ജി.എസ്.ടി. കോമ്പൻസേഷൻ കാലാവധി അവസാനിക്കുന്നതിനുമുമ്പ് നികുതി ഭരണസംവിധാനം റീ സ്ട്രക്ച്ചർ ചെയ്യാത്തത് നികുതി പിരിവ് കുറയുന്നതിന് കാരണമായി. ജി.എസ്.ടി.-നടപ്പിലാക്കിയതിന്റെ ഭാഗമായി ചെക്ക് പോസ്റ്റ്/പ്രധാനപാതകൾ/ഇടവഴികൾ എന്നിവിടങ്ങളിൽ നികുതി വെട്ടിപ്പ്

തടയുന്നതിനായി ക്യാമറ സ്ഥാപിച്ചെങ്കിലും അവ പ്രവർത്തിക്കുന്നില്ല. ഇന്റലിജൻസ് സംവിധാനം പരാജയപ്പെട്ടിരിക്കുയാണ്. സംസ്ഥാനത്തിന് ലഭിക്കുന്ന എസ്.ജി.എസ്.ടി. വരുമാനം ഗണ്യമായി കുറഞ്ഞു. ഇൻപുട്ട് ക്രെഡിറ്റ് സംവിധാനം മുഖാന്തരം പ്രോപ്പറായി റിട്ടേണുകൾ സമർപ്പിക്കാത്തതിനാൽ കേന്ദ്രത്തിൽ നിന്നും ഐ.ജി.എസ്.ടി. വിഹിതം വാങ്ങിയെടുക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം കാര്യക്ഷമായി പ്രവർത്തിക്കാത്തതിനാൽ കോടികളുടെ നഷ്ടം സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ടേണോവർ വർദ്ധനവിനനുസൃതമായി നികുതി വർദ്ധിച്ചിട്ടില്ലെന്നുള്ളത് വസ്തുതയാണ്. വാറ്റ് ഇനത്തിൽ ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. സ്വർണ്ണത്തിന്റെ വിലവർദ്ധനവിനനുസൃതമായി നികുതി വരുമാനമുണ്ടായില്ലെന്നത് അപലപനീയമാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ നികുതിയടയ്ക്കാതെ വിൽക്കുന്നതും സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുന്നുണ്ട്. ഇന്ധന നികുതിയിനത്തിൽ 2 രൂപ സെസ്സ് ചുമത്തിയിട്ടും അതിനനുസൃതമായ വരുമാനം ലഭിച്ചില്ലെന്നുമാത്രമല്ല, അധിക നികുതി ഏർപ്പെടുത്താതിരുന്നെങ്കിൽ ലഭിക്കുമായിരുന്ന വരുമാനം

നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രതിസന്ധിയുണ്ടെന്നുള്ളത് വസ്തുതയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിനത്തിൽ നൂറുശതമാനം തുകയും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലക്കയറ്റത്തിന്റെ തോത് ഏറ്റവും കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. സംസ്ഥാനത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനും മുൻവർഷങ്ങളെ അപേക്ഷിച്ച് കടബാദ്ധ്യതകൾ കുറച്ചുകൊണ്ടുവരാനും അനാവശ്യ റവന്യൂ ചെലവുകൾ ചുരുക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം കേന്ദ്രം നൽകാത്തതിനാൽ റവന്യൂ വരുമാനത്തിൽ കുറവുണ്ടായി. കേന്ദ്രം കടമെടുപ്പ് പരിധി മൂന്ന് ശതമാനമായി കുറച്ചെങ്കിലും സംസ്ഥാനത്തിന് റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെ കൊണ്ടുവരാനായി. സംസ്ഥാനം കടബാദ്ധ്യത കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നൽകാനുള്ള വിഹിതം യഥാസമയം നൽകാത്തതിനാൽ പല പദ്ധതികൾക്കും സംസ്ഥാനമാണ് തുക നൽകേണ്ടിവരുന്നത്. കാരുണ്യ

ആരോഗ്യ പദ്ധതിക്കുള്ള തുക കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബാറുകളിൽ നിന്നുള്ള നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. റിട്ടേൺ ഫയൽ ചെയ്യാത്ത ബാറുകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്ന നടപടി വ്യാപകമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. IGST-യുടെ reversal സംബന്ധിച്ച് പരിശോധിക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനത്തിന്റെ ടാക്സ് കേരളത്തിന് ലഭ്യമാകണമെന്ന് നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന സ്വർണ്ണ വ്യാപാരത്തിന് ഇ-വേ ബിൽ ലഭ്യമാക്കണമെന്നത് അംഗീകരിച്ചിട്ടുണ്ടെങ്കിലും തുക സംബന്ധിച്ച് തീരുമാനമായിട്ടില്ല. ഇന്റലിജൻസ് വിംഗ് 1090 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. 16 ജ്വവലറികളിൽ സർപ്രൈസ് വിസിറ്റ് നടത്തി 1200 കോടി രൂപയുടെ വെട്ടിപ്പ് വിറ്റുവരവിൽ കണ്ടെത്തിയിട്ടുണ്ട്. ഡീസൽകൊണ്ടുവരുന്നതിലുള്ള വെട്ടിപ്പും വ്യാജ ഡീസലും കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ 7 വർഷംകൊണ്ട് 16000 കോടി രൂപ ലൈഫ് മിഷനുവേണ്ടി ചെലവഴിച്ചു. കേന്ദ്ര സർക്കാരിൽനിന്ന് തുക ലഭിക്കുന്നതിന് കാത്തുനിൽക്കാതെ അഡ്വാൻസായി ഉച്ചഭക്ഷണത്തിനുള്ള 50 ശതമാനം തുക

അനുവദിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 2000 കോടിയോളം രൂപ നാഷണൽ ഹൈവേയ്ക്ക് ഭൂമിയേറ്റെടുക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. തീരദേശ ഹൈവേ, മലയോര ഹൈവേ, മറ്റ് റോഡുകൾ, സ്കൂളുകൾ, വാട്ടർവേ, ജല മെട്രോ, ഡിജിറ്റൽ സയൻസ് പാർക്ക്, തുടങ്ങിയവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് സംസ്ഥാനത്തിന്റെ റവന്യൂ ന്യൂട്രൽ റേറ്റ് 16 ശതമാനമായിരുന്നത് കേന്ദ്ര സർക്കാർ 11 ശതമാനമായി കുറച്ചു. വരുമാനം രണ്ട് വർഷംകൊണ്ട് 50 ശതമാനത്തിലധികം വർദ്ധിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിക്കാത്തത്. സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കുന്നതിൽ സംസ്ഥാന എം.പി.-മാർ പരാജയപ്പെട്ടിരിക്കുകയാണ്.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(അടിയന്തരപ്രമേയം സഭ നിരാകരിച്ചു.)

നിയമനിർമ്മാണകാര്യം...... തുടർച്ച

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കേരളത്തിലെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട സീറ്റ് സംവരണം ചെയ്യുന്നതിനുമായി കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ട്

നിലവിൽ വന്നത് 2017-ലാണ്. 2019-ൽ മേൽനോട്ട സമിതിയെ രണ്ടാക്കിക്കൊണ്ടുള്ള ഭേദഗതി കൊണ്ടുവന്നു. നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്ന സാഹചര്യത്തിൽ "മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ" എന്നതിനുപകരം "നാഷണൽ മെഡിക്കൽ കമ്മീഷൻ" എന്ന ഭേദഗതിയാണ് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. എ. പി. അനിൽകുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മെഡിക്കൽ കോളേജുകളുടെ കാര്യത്തിൽ വ്യക്തമായ നിലപാടും കാഴ്ചപ്പാടുമുണ്ടാകേണ്ടതിനുപകരം അതിനെതിരായ സമീപനമാണ് സംസ്ഥാനത്ത് സ്വീകരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതോടൊപ്പം സാധാരണക്കാരായ രോഗികൾക്ക് നല്ല ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ മെഡിക്കൽ കോളേജുകളെ പര്യാപ്തമാക്കണം. കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. കേരളത്തിൽ കോവിഡ്, നിപ പോലുള്ള സാംക്രമികരോഗങ്ങൾ ആവർത്തിക്കാൻ സാധ്യതയുള്ളതിനാൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീ. പി. കെ. ബഷീർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ

വർദ്ധിപ്പിക്കുന്നതിനും പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പേരാമ്പ്രയിലെ 8 പഞ്ചായത്തുകളിൽ നിപ രോഗം തുടർച്ചയായി ഉണ്ടാകുന്നതിന്റെ അടിസ്ഥാന കാരണം സംബന്ധിച്ച് പഠനം നടത്തണം. സർക്കാർ ആശുപത്രികളിൽ ഋഗിൾപേ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സർക്കാർ ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നതിന് നിയന്ത്രണം കൊണ്ടുവരണം. ആരോഗ്യ പ്രവർത്തകരെ സംരക്ഷിക്കുന്നതോടൊപ്പം മെഡിക്കൽ എത്തിക്സിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഡോക്ടർമാർ/ജീവനക്കാർക്കെതിരെ ശക്തമായ നടപടിയും സ്വീകരിക്കണം. പകർച്ചവ്യാധികൾ തുടർച്ചയായി വരുന്നത് സംബന്ധിച്ച് പഠനം നടത്തണം.

ശ്രീമതി കെ. കെ. രമ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആരോഗ്യ രംഗത്തെ അടിസ്ഥാന പ്രശ്നങ്ങളെ സർക്കാർ അഭിസംബോധന ചെയ്യുന്നുണ്ടോ എന്നത് സംബന്ധിച്ച് ഒരു പരിശോധന നടത്തേണ്ടത് അത്യാവശ്യമാണ്. ആരോഗ്യരക്ഷാ പ്രവർത്തകരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള ഡോക്ടർ-രോഗി അനുപാതം കാലഹരണപ്പെട്ടതിനാൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരണം. നിപ കോഴിക്കോട് ജില്ലയിൽത്തന്നെ തുടർച്ചയായി ഉണ്ടാകുന്നതും സംസ്ഥാനത്ത്

വൃക്ക/ക്യാൻസർ രോഗികൾ വർദ്ധിക്കുന്നതും സംബന്ധിച്ച് സമഗ്രമായ പഠനം നടത്തണം. താലൂക്കാശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന വടകര ജില്ലാ ആശുപത്രിയിലെയും മെഡിക്കൽ കോളേജിലെയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ആശുപത്രികളിലെ ഐ.സി.യു.-കളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. എം. എസ്. അരുൺകുമാർ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. ലിന്റോ ജോസഫ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ആരോഗ്യമേഖല ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽത്തന്നെ കൂടുതൽ കുട്ടികൾക്ക് പ്രവേശനം നൽകാനുള്ള പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിക്കുന്നത്. പൊതുജനാരോഗ്യ സംവിധാനത്തെ ആശ്രയിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ 100 എം.ബി.ബി.എസ്. സീറ്റുവീതം അനുവദിച്ചത് അഭിനന്ദനാർഹമാണ്. തിരുവനന്തപുരത്തും ആലപ്പുഴയിലും കോഴിക്കോട്ടും

നിപ വൈറസ് പരിശോധനയ്ക്കുള്ള സംവിധാനമേർപ്പെടുത്തിയതും ഭക്ഷ്യസുരക്ഷാ സൂചികയിലും നീതി ആയോഗിന്റെ ആരോഗ്യ സൂചികയിലും ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതും മാതൃ, ശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. രണ്ട് വർഷംകൊണ്ട് കാസ്പ് വഴി 3200 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകി. നിരവധി പ്രതിസന്ധികളുണ്ടെങ്കിലും അവയെല്ലാം മറികടന്ന് ആരോഗ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്ന ഗവൺമെന്റ് സമീപനം അഭിനന്ദനാർഹമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ആരോഗ്യരംഗത്ത് സംസ്ഥാനം കൈവരിച്ച പുരോഗതി നിലനിർത്തുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. നിർമ്മാർജ്ജനം ചെയ്ത മാരക രോഗങ്ങൾ തിരിച്ചുവരാതിരിക്കാനും വന്നുകഴിഞ്ഞാൽ മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. കാസർഗോഡ്

മെഡിക്കൽ കോളേജ് പൂർണ്ണ നിലയിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. വയനാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കേണ്ടത് അനിവാര്യമാണ്. മഞ്ചേരി, ഇടുക്കി, കോന്നി ഉൾപ്പെടെ പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും കേരളത്തിൽ എയിംസ് ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും വേണം. ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് മെഡിക്കൽ കോളേജോ തത്തുല്യമായ സ്ഥാപനമോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കുട്ടികൾ പഠനത്തിനായി വിദേശത്ത് പോകുന്നതൊഴിവാക്കാൻ സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കണം. തിരുവനന്തപുരത്ത് ഒരു മെഡിക്കൽ കോളേജുകൂടി ആരംഭിച്ചാൽ നിലവിലുള്ള മെഡിക്കൽ കോളേജിലെത്തുന്ന രോഗികളുടെ ബാഹുല്യം കുറയ്ക്കാൻ സാധിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, മെഡിസെപ്, ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, അമ്മയും കുഞ്ഞും, ആർ.എസ്.ബി.വൈ തുടങ്ങിയ പദ്ധതികൾ പ്രകാരം നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കണം. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ സ്റ്റെന്റ് വിതരണം ചെയ്യുന്ന

സ്ഥാപനത്തിന് നൽകേണ്ട കുടിശ്ശിക നൽകാത്തതിനാൽ അവ ലഭ്യമാകുന്നില്ലെന്നുമാത്രമല്ല സ്കാനിംഗ് അടക്കമുള്ള കാര്യങ്ങളിൽ രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിയും വരുന്നു. മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലും മെഡിക്കൽ, പാരാ മെഡിക്കൽ സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിലും ഉദാസീന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. മെഡിക്കൽ ഗവേഷണത്തിനാവശ്യമായ ഫണ്ടോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ മെഡിക്കൽ രംഗത്ത് കാര്യമായ ഗവേഷണം നടക്കുന്നില്ല.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോഴിക്കോട് ജില്ലയിൽ നിപ സ്ഥിരീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ്, തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, എൻ.ഐ.വി. ആലപ്പുഴ എന്നിവിടങ്ങളിൽ നിപ പരിശോധനയ്ക്കുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. നിപയുമായി ബന്ധപ്പെട്ട് 2018-ൽ രൂപീകരിച്ചതും 2021-ൽ പരിഷ്കരിച്ചതുമായ പ്രോട്ടോകോൾ പ്രകാരമാണ് മുഴുവൻ സംവിധാനങ്ങളും ഒരുക്കിയിരിക്കുന്നത്. പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിപ ബാധിക്കാനിടയുള്ള സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്യുകയും ടി ഏരിയകളും ജില്ലകളും കേന്ദ്രീകരിച്ച് ബോധവത്കരണ

പ്രവർത്തനങ്ങൾ നടത്തുകയും അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ആളുകൾക്ക് പരിശീലനം നൽകുകയും മുന്നൊരുക്ക പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു കലണ്ടർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അപൂർവ്വ രോഗ ചികിത്സാ സൗകര്യമുള്ള രാജ്യത്തെ പത്ത് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.എ.റ്റി ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് അഭിമാനകരമാണ്. ഏറ്റവും കൂടുതൽ തുക സൗജന്യ ചികിത്സയ്ക്ക് അനുവദിച്ചതും ചെലവഴിച്ചതും കേരളത്തിലാണ്. വിവിധ ഇൻഷ്വറൻസ് പദ്ധതികളെ ഏകോപിപ്പിക്കുകയും കാരുണ്യ ബെനവലന്റ് ഫണ്ടും കാസ്പും ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ മുന്നോട്ടുകൊണ്ടുപോകുകയുമാണ്. യൂണിവേഴ്സൽ ഹെൽത്ത് കവറേജിനുവേണ്ടിയുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഘട്ടത്തിൽ രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കപ്പെട്ടു. ഇടുക്കി മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം 100 സീറ്റുകൾ അനുവദിക്കുകയും മഞ്ചേരി, പാരിപ്പള്ളി എന്നിവിടങ്ങളിൽ പുതിയ നഴ്സിംഗ്

കോളേജുകൾ ആരംഭിക്കുകയും ചെയ്തു. കുട്ടികൾ പഠനത്തിനായി വിദേശത്തേയ്ക്ക് പോകുന്നതൊഴിവാക്കാൻ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം സർക്കാർ മേഖലയിൽ പുതുതായി ആറ് നഴ്സിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 612 ബി.എസ്‌സി. നഴ്സിംഗ് സീറ്റുകൾ സർക്കാർ മേഖലയിലും 2399 സീറ്റുകൾ സ്വകാര്യ മേഖലയിലും വർദ്ധിപ്പിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡേഴ്സിന് സംവരണം ഏർപ്പെടുത്തിയതു കൂടാതെ തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിൽ പി.ജി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് അനുമതി നൽകുകയും മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ എം.ബി.ബി.എസ്-ന് രണ്ട് പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കുകയും 28 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി ലഭിക്കുകയും ചെയ്തു. മാനന്തവാടി ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തി അവിടെ കാത്ത്‌ലാബ് ഉദ്ഘാടനം ചെയ്യുകയും കാർഡിയോളജിസ്റ്റുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആശുപത്രി നിർമ്മാണത്തിനായി കിഫ്ബിയിലൂടെ 168 കോടി രൂപ അനുവദിക്കുകയും അവിടെ ഇലക്ട്രിഫിക്കേഷൻ വർക്കുകളും ഹോസ്റ്റൽ നിർമ്മാണവുമുൾപ്പെടെ പൂർത്തീകരിച്ചുവരികയുമാണ്. കാസർഗോഡ്

ജില്ലയുടെ ആരോഗ്യ മേഖലയിലെ മുന്നേറ്റത്തിനുവേണ്ടി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് ആരംഭിക്കുകയും ആൻജിയോപ്ലാസ്റ്റി സംവിധാനമേർപ്പെടുത്തുകയും ന്യൂറോളജിയുമായി ബന്ധപ്പെട്ട മെഷീനുകൾ സ്ഥാപിക്കുകയും ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ടാറ്റാ ഹോസ്പിറ്റലിനെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുന്നതിനുവേണ്ടി 23 കോടി രൂപയോളം അനുവദിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ മുടങ്ങിക്കിടന്ന ട്രോമാകെയർ സംവിധാനം പുനഃസ്ഥാപിച്ചുകൊണ്ട് വിദഗ്ദ്ധ ചികിത്സ നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കഴിഞ്ഞ വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൗജന്യമായി ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലാ ആശുപത്രിയിൽ പുതിയ എം.ആർ.ഐ., സി.ടി. സ്കാനിംഗ് ഉപകരണങ്ങൾ കിഫ്ബിവഴി വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഓൺലൈൻ പേമെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വടകര ആശുപത്രി ആർദ്രം സ്റ്റാൻഡേർഡൈസേഷൻ അനുസരിച്ച് താലൂക്ക് ആശുപത്രിയുടെ പട്ടികയിലാണുള്ളത്. അവിടെ കാത്ത്ലാബ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. വൃക്ക രോഗം, കാൻസർ രോഗം എന്നിവ

അഡ്രസ് ചെയ്യുന്നതിനുവേണ്ടി മുപ്പത് വയസ്സിന് മുകളിലുള്ളവർക്ക് ആനുവൽ ഹെൽത്ത് ചെക്കപ്പ് ആരംഭിക്കുകയും ആയുഷിന്റെ സഹായത്തോടെ ഹെൽത്തിലൈഫ് ക്യാമ്പയിൻ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ കാൻസർ കെയർ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു-വിൽ ആക്രമിക്കപ്പെട്ട യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ച ജീവനക്കാരെ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡി.എം.ഒ.-യുടെ റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും നീതി ഉറപ്പാക്കുകയും ചെയ്യുന്നതാണ്. മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ റാങ്കിന് മുകളിലുള്ള ഡോക്ടർമാർ രാത്രികാലങ്ങളിൽ കാഷ്വാലിറ്റിയിലും വാർഡ് ഡ്യൂട്ടിയിലും ഉണ്ടാകണമെന്നുള്ള ഉത്തരവിറക്കുകയും അതിന്റെ ഗുണം കാഷ്വാലിറ്റിയിലെ എമർജൻസി ഡിപ്പാർട്ടുമെന്റുകളിലുണ്ടാകുകയും ചെയ്യുന്നുണ്ട്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലത്ത് ഉന്നതനിലവാരമുള്ള ആരോഗ്യ സ്ഥാപനം കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

152, 157, 162, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

165-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

170-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

114, 122, 123, 127, 131, 138, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും

നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം

അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒറ്റപ്പെട്ടതെന്ന് സർക്കാർ പറയുന്നതും നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ സംഭവങ്ങൾ കാരണം പി.എസ്.സി.-യുടെ വിശ്വാസ്യത തകർന്നുകൊണ്ടിരിക്കുകയാണ്. പി.എസ്.സി.-യുടെ വിശ്വാസ്യതയ്ക്ക് കോട്ടംതട്ടാതിരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. വിവിധ കാറ്റഗറികൾക്കുവേണ്ടി ഒറ്റ പ്രിലിമിനറി പരീക്ഷ നടത്തുന്നത് ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ കുറയ്ക്കാനും അവരെ കൂടുതൽ മാനസിക സംഘർഷത്തിലേയ്ക്ക് നയിക്കാനും കാരണമാകും. വേക്കൻസി റിപ്പോർട്ടിംഗ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് ഓട്ടോമാറ്റിക് ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ സിസ്റ്റം നടപ്പാക്കണം. സെക്രട്ടേറിയറ്റിലെ വിജിലൻസ് സെല്ലിന്റെ

പ്രവർത്തനം നിർത്തിവയ്ക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കണം. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുപകരം ഡൗൺ ഗ്രേഡ് ചെയ്ത് കൂടുതൽ ഒഴിവുകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ മുഴുവൻ പി.എസ്.സി ഓഫീസുകളിലും ഉദ്യോഗാർത്ഥി സൗഹൃദ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. ശ്രീനിജൻ ചുമതലപ്പെടുത്തിയതു പ്രകാരം (ശ്രീ. എച്ച്. സലാം): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പി.എസ്.സി.-യുടെ സുതാര്യതയും മികവും മെച്ചപ്പെടുത്തി കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും തസ്തികകൾ സൃഷ്ടിച്ചും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ കൂടുതൽ നിയമനങ്ങൾ നടത്തിയും റെക്കോർഡ് സൃഷ്ടിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം ഉപയോഗപ്പെടുത്തി പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് സർക്കാർ

രൂപംകൊടുത്തുകൊണ്ടിരിക്കുകയാണ്. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കാൻ പി.എസ്.സി ശ്രമിച്ചുവരികയാണ്. ഇ-വേക്കൻസി സോഫ്റ്റ്വെയർ ഉപയോഗിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനമേർപ്പെടുത്തി പി.എസ്.സി.-യെ കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഈ നിയമ ഭേദഗതിയിലൂടെ പുതിയ ചില മേഖലകളിലെ നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് നൽകാനാണ് ലക്ഷ്യമിടുന്നത്. 24 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൊതുമേഖല റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാക്കിയത് ഈ സർക്കാരാണ്. എന്നാൽ സംവരണം പൂർണ്ണമായും അട്ടിമറിച്ച് നിയമനങ്ങൾ യഥാസമയം നടത്താതെ തസ്തികകൾ റദ്ദാക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നിയമനങ്ങൾ സുതാര്യമാക്കുന്നതിന് പി.എസ്.സി.-ക്ക് വിടുന്ന ഇത്തരത്തിലുള്ള ഒരു ബിൽ പാസ്സാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങളിൽ സ്പെഷ്യൽ റൂൾസ് വേഗത്തിൽ രൂപീകരിക്കണമെന്ന് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. പോലുള്ള ഭരണഘടനാ സ്ഥാപനത്തിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നതിനുപകരം വിശ്വാസ്യതയില്ലെന്ന് സ്ഥാപിക്കുന്നത് അങ്ങേയറ്റം തെറ്റായ നടപടിയാണ്. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തിയതോടൊപ്പം പരീക്ഷാ നടത്തിപ്പിനായും ഓൺലൈൻ സംവിധാനമാണ് പ്രയോജനപ്പെടുത്തിവരുന്നത്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ എല്ലാ ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലും 40000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലെ എല്ലാ ഒഴിവുകളിലും നിയമനം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

113, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

114. In clause 2, for the words and symbol " the words, figures and brackets" , the words and symbols " the words, figures, brackets and symbols" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാംവകുപ്പും പീഠികയും പേരും

111, 112 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉത്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ

കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉത്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉത്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ 2022 ആഗസ്റ്റ് 17-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതാണ്. സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ പ്രാരംഭ വ്യവസ്ഥകൾ ഒഴിവാക്കിയിരിക്കുകയാണ്. എന്നാൽ ബില്ലിന്റെ ഖണ്ഡം 40-ൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം 2021 ഫെബ്രുവരി 18 മുതൽ ചെയ്ത നടപടികൾക്ക് സാധൂകരണം നൽകിയിട്ടുണ്ട്. ബില്ലിന്റെ ഒന്നാം വകുപ്പിൽ ചുരുക്കപ്പേരും പ്രാരംഭവ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണ്. നിശ്ചിത തീയതി മുതൽ

പ്രാബല്യത്തോടെ നിയമനിർമ്മാണം നടത്തുന്ന ബില്ലുകളിൽ പ്രസ്തുത തീയതിയും ഇപ്രകാരമല്ലാത്ത ബില്ലുകളിൽ ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണെന്ന വ്യവസ്ഥയുമാണ് ഉൾപ്പെടുത്തുന്നത്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളിൽ ഓർഡിനൻസ് നിലവിൽ വന്ന തീയതി മുതലാണ് പ്രാബല്യം നൽകുന്നതെങ്കിലും സെലക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ബില്ലിൽ മേൽപ്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. പ്രാരംഭ തീയതിയിൽ വ്യക്തതയില്ലാതെ വിവിധ വകുപ്പുകൾ സംബന്ധിച്ച് സഭയിൽ ആധികാരികമായ ചർച്ച നടത്തുന്നതിനോ ഭേദഗതികൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിനോ സാധ്യമാകുകയില്ല. സെലക്ട് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡം 40 (2) പ്രകാരം 2022 ആഗസ്റ്റ് 8-ാം തീയതി മുതൽ ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുവരെയുള്ള കാലയളവിൽ ഈ ആക്ടിന് കീഴിൽ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയമാക്കുന്നതല്ലെന്ന വകുപ്പ് ചേർത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കമൻസ്മെന്റ് ക്ലോസ് 1 (2) ബില്ലിൽ നിന്നും ഒഴിവാക്കിയത് എന്തിനാണെന്ന് വ്യക്തമല്ല. സാധാരണഗതിയിൽ ഡേറ്റ് ഓഫ് കമൻസ്മെന്റില്ലാതെ ഒരു ബില്ലും നിയമസഭയിൽ അവതരിപ്പിക്കാറില്ല. ഈ ബിൽ അവതരിപ്പിച്ചപ്പോൾ 2011 ഫെബ്രുവരി 18-ാം തീയതി

പ്രാബല്യത്തിൽ വന്നതായി കണക്കാക്കപ്പെടേണ്ടതാണെന്നും ചേർത്തിരിക്കുന്നു. ആ തീയതി കൊടുക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെങ്കിൽ ഉടൻ പ്രാബല്യത്തിൽ വരുന്നതാണെന്ന് സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ചേർത്തിട്ടുമില്ല. കമൻസ്മെന്റ് ക്ലോസ് ഇല്ലാതെയുള്ള ബിൽ പരിഗണിക്കുന്നത് അസാധാരണമായ നടപടിയാണ്. അതുകൊണ്ട് സ്പീക്കർ റൂളിംഗ് നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഈ ബില്ലിൽ ആക്റ്റിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് അംഗം ഉന്നയിച്ചിരിക്കുന്നത്. 2022 ആഗസ്റ്റ് 24-ാം തീയതി ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്ന വേളയിൽ ഓർഡിനൻസ് കാലഹരണപ്പെട്ടതിനാൽ 08-08-2022 മുതൽ ഈ നിയമം നിലവിലില്ലാത്ത സാഹര്യത്തിൽ പീനൽ പ്രൊവിഷൻ സംബന്ധിച്ച് ഈ ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളുടെ പ്രയോഗത്തിൽ നിന്നും 08-08-2022 മുതൽ ഈ നിയമം നിലവിൽ വരുന്നതുവരെയുള്ള കാലയളവ് ഒഴിവാക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് മുന്നോട്ട് വച്ചിരുന്നു. ബില്ലിൽ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തിയാണ് അവതരിപ്പിച്ചതെങ്കിലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപ്രകാരം

പ്രസ്തുത വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 20 (1)-ന് വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണിക്കുന്ന വേളയിൽ ഒഴിവാക്കുന്നതാണെന്ന് സഭ മുമ്പാകെ ഉറപ്പുനൽകുകയും ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് സെലക്ട് കമ്മിറ്റി ബില്ലിന്മേൽ സമഗ്രമായ ചർച്ച നടത്തുകയും മേൽ ചൂണ്ടിക്കാണിച്ച പോരായ്മ പരിഗണിക്കുന്നതിനായി ഖണ്ഡം 40-ൽ പുതുക്കിയ സാധൂകരണ ക്ലോസ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ഫൈനലൈസ് ചെയ്ത വേളയിൽ സാധൂകരണ ഖണ്ഡത്തിൽ 2022 ആഗസ്റ്റ് 8-ാം തീയതി മുതലുള്ള കാലയളവ് ഉൾപ്പെടുത്തിയെങ്കിലും 1-ാം ഖണ്ഡത്തിൽ 1 (എ) 2 ആയി ബില്ലിന്റെ പ്രാരംഭ തീയതി ഉൾപ്പെടുത്തുകയുണ്ടായില്ല. റിപ്പോർട്ട് അച്ചടിച്ച് ലഭ്യമായപ്പോൾത്തന്നെ പ്രസ്തുത പോരായ്മ ശ്രദ്ധയിൽപ്പെടുകയുണ്ടായി. റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട സാഹചര്യത്തിൽ ഭേദഗതിയായി മാത്രമെ ബില്ലിലെ ന്യൂനതകൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ പ്രാരംഭ തീയതി സംബന്ധിച്ച് ലിസ്റ്റ് 3-ൽ 940-ാം നമ്പർ ഔദ്യോഗിക ഭേദഗതിയായി പ്രാബല്യ തീയതി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡം 1-ന്റെ

പരിഗണനാസമയത്ത് ആയത് സഭ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന വേളയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പരിഹൃതമാകുമെന്ന് അറിയിക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ വിശദമായ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ബില്ലിന്റെ പ്രാരംഭം സംബന്ധിച്ച വ്യവസ്ഥ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ നിന്നും ഒഴിവാക്കപ്പെട്ടതിനെ സംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിച്ചത്. ഒഴിവായിപ്പോയ വ്യവസ്ഥ ഔദ്യോഗിക ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയിട്ടുള്ളതായി മന്ത്രി പ്രസ്താവിച്ച പശ്ചാത്തലത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. അൻവർ സാദത്ത്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലെ ചില വ്യവസ്ഥകൾ ചെറുകിട തീറ്റ ഉത്പാദകരെയും കർഷകരെയും ദോഷകരമായി ബാധിക്കുന്നതോടൊപ്പം ഗുണനിലവാരമുള്ള അസംസ്കൃത തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് കൃഷി രീതിയിൽ മാറ്റം വരുത്താൻ കർഷകരെ നിർബന്ധിതരാക്കും. പാരമ്പര്യ തീറ്റ രീതികളെയും അറിവുകളെയും അവയുടെ സ്രോതസ്സുകളെയും ഇല്ലാതാക്കുന്നതും കൃഷി രീതികളെ താളം

തെറ്റിക്കുന്നതുമാണ് ബില്ലിലെ വ്യവസ്ഥകൾ. ചില പ്രത്യേക വിള അവശിഷ്ടങ്ങളുടെ ഉപയോഗം നിർദ്ദേശിക്കുന്നതിലൂടെ പ്രത്യേകതരം കൃഷി രീതി അവലംബിക്കുന്നതിന് കർഷകർ നിർബന്ധിതരാകുകയും അത് മണ്ണിലും വിളകളിലും കീടങ്ങളുടെ വർദ്ധനവിന് ഇടയാക്കുകയും ചെയ്യും. വ്യവസ്ഥകളുടെ കാർക്കശ്യംമൂലം ഉത്പാദനചെലവ് വർദ്ധിക്കുന്നത് കാർഷിക/ഇറച്ചി ഉത്പന്നങ്ങളുടെ വില വർദ്ധനവിനിടയാക്കും. സർക്കാർ സബ്സിഡി നൽകിക്കൊണ്ട് കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കൃഷിഭൂമിയിലുണ്ടായ കുറവിനനുസൃതമായി കാലിസമ്പത്തിന്റെ എണ്ണത്തിലും കുറവ് സംഭവിച്ചിട്ടുണ്ടെന്നുള്ളതും കന്നുകാലികൾക്കാവശ്യമായ തീറ്റയുടെ അമ്പത് ശതമാനം മാത്രമെ കേരളത്തിൽ ഉത്പാദിപ്പിക്കാൻ സാധിക്കുന്നുള്ളുവെന്നതും വസ്തുതയാണ്. കേന്ദ്ര സർക്കാരിന് പിന്തുണ നൽകാനും വിദേശ/സ്വദേശ കുത്തകകൾക്കും സ്വകാര്യ മേഖലകൾക്കും ശക്തിപകരാനും വേണ്ടിയാണ് സംസ്ഥാനത്ത് ഈ ബിൽ നിയമമാക്കാൻ ശ്രമിക്കുന്നത്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ ചെറുകിട കാലിത്തീറ്റ കച്ചവടം നിർത്തലാക്കപ്പെടും. സംസ്ഥാനത്തിനാവശ്യമായ

കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിൽ സ്വയംപര്യാപ്തത നേടാനും കാലിത്തീറ്റ സബ്സിഡി ഏർപ്പെടുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. കാലിത്തീറ്റയിലുൾപ്പെടുത്താൻ പാടില്ലാത്ത ചേരുവകൾ ഒഴിവാക്കാനും കർഷകർക്ക് ലൈസൻസ് പുതുക്കാൻ കാലതാമസമുണ്ടാകുമ്പോൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാനുമാവശ്യമായ ഭേദഗതിയും നിയമത്തിലുൾപ്പെടുത്തണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ സ്വാഗതം ചെയ്യുന്നു. കർഷകരെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കാനും ആശ്വാസ നടപടികൾ സ്വീകരിക്കാനും ഈ ബില്ലിലൂടെ സാധിക്കേണ്ടതാണ്. ചെറുകിട കൃഷിക്കാരെയും കന്നുകാലി വളർത്തി ജീവിക്കുന്ന സാധാരണക്കാരെയും ബിൽ ദോഷകരമായി ബാധിക്കാൻ ഇടവരുത്തരുത്. പലവ്യഞ്ജന കടകളിൽ കാലിത്തീറ്റ സൂക്ഷിക്കുന്നതിന് പ്രത്യേകം ലൈസൻസെടുക്കേണ്ടി വരുന്ന സാഹചര്യം സംബന്ധിച്ച് പരിശോധിക്കണം. നാടൻ തീറ്റകളുണ്ടാക്കി ഉപയോഗിക്കുന്നവരെ ഈ നിയമം പ്രതികൂലമായി ബാധിക്കരുത്. കാലിത്തീറ്റയുടെ വില കുറയ്ക്കുന്നതിനും നഷ്ടത്തിലൂടെ കടന്നുപോകുന്ന ക്ഷീര കാർഷിക മേഖലയെ സംരക്ഷിക്കാനും കഴിയുന്ന വിധത്തിലുള്ള

ആശ്വാസനടപടികൾ ഉറപ്പുവരുത്തേണ്ടതാണ്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീര മേഖലയിൽ ഉല്പാദനച്ചെലവ് കൂടുതലായതിനാലും ലാഭമില്ലാത്തതിനാലും കർഷകർ ബുദ്ധിമുട്ടനുഭവിക്കുകയാണ്. മുതൽമുടക്കുന്ന സംരംഭകന് ലാഭം ലഭ്യമാകുന്നില്ല. തീറ്റപ്പുല്ലിന്റെ അപര്യാപ്തത പരിഹരിക്കാനും കാലിത്തീറ്റയുടെ വില വർദ്ധനയും ഗുണനിലവാരവും കുറയുന്ന സാഹചര്യത്തിൽ ഒരു ഫോഡർ പോളിസി രൂപീകരിക്കാനും സംരംഭകരെ ആകർഷിക്കുന്ന സംരംഭക സൗഹൃദ നയങ്ങൾ കൊണ്ടുവരാനും ആവശ്യമായ നടപടി സ്വീകരിക്കണം. ആധുനിക സാങ്കേതികവിദ്യകൾ, യന്ത്രവത്കരണം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രിസിഷൻ ഫാമിംഗ്, ഓട്ടോമേഷൻ തുടങ്ങിയവ ഉൾപ്പെടുത്തി ക്ഷീരമേഖല വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ടെക്നോളജി അഡ്വാൻസ്മെന്റിനനുസൃതമായി പോളിസി രൂപീകരിച്ച് അതിന്റെ പ്രയോജനം കർഷകരിലേയ്ക്ക് എത്തിക്കാൻ കഴിയാത്തത് ഖേദകരമാണ്. ഗവേഷണ വിദ്യാഭ്യാസ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി വെറ്ററിനറി സർവ്വകലാശാലയെയും മൃഗസംരക്ഷണ - ക്ഷീര വികസന വകുപ്പുകളെയും സജ്ജമാക്കണം. അത്യുത്പാദനശേഷിയുള്ള പശുക്കളെ ഉത്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ളതും പെൺകിടാവുമാത്രം ജനിക്കുന്നതുമായ സെക്സ് സോർട്ടഡ് ബീജം ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കണം. ജൈവ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മികച്ച പശു സമ്പത്തിനെ വികസിപ്പിക്കാനുള്ള പ്രജനന നയം രൂപീകരിക്കണം. കാലാവസ്ഥാ വ്യതിയാനം ക്ഷീര വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നത് പരിഹരിക്കാനുതകുംവിധമുള്ള പദ്ധതികൾ തയ്യാറാക്കണം. സങ്കരയിനം പശുക്കളുടെ പരമാവധി ഉത്പാദനശേഷി കൈവരിക്കാനും ലഭ്യമായ വിഭവങ്ങൾക്കും മാറുന്ന കാലാവസ്ഥയ്ക്കും ചേരുംവിധം പ്രത്യേക പരിപാലന മുറകൾ രൂപപ്പെടുത്താനും സാധിക്കണം. മിൽമയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തുല്പാദിപ്പിക്കുന്ന പാലിന്റെ 23 ശതമാനം മാത്രമേ സഹകരണ സംഘങ്ങളിലെത്തുന്നുള്ളൂവെന്നത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ്. പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങളുടെ കോൾഡ് ചെയിൻ, ക്ഷീര വികസന വകുപ്പിന്റെ പാൽ പരിശോധനാ സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തണം. അന്യ സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച് റാൻഡം പരിശോധന മാത്രം നടത്താൻ തീരുമാനിച്ചത് ഈ

സംവിധാനത്തെ ദുർബ്ബലപ്പെടുത്തുന്നതാണ്. പാൽ പരിശോധന നടത്താനുള്ള നിയമപരമായ കർത്തവ്യം ക്ഷീര വികസന വകുപ്പിൽ നിക്ഷിപ്തമാക്കണം. ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ബന്ധപ്പെട്ട് ലൈസൻസിംഗ്, മാലിന്യ നിയന്ത്രണ നിയമങ്ങൾ എന്നിവ കർഷക സൗഹൃദമാക്കണം. വിള കർഷകർക്ക് സമാനമായ ആനുകൂല്യങ്ങൾ ക്ഷീര കർഷകർക്ക് നൽകാത്തത് ഖേദകരമാണ്. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകാനും പാലുൽപ്പന്നങ്ങൾക്ക് 5 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത് ഗുണകരമാണോയെന്ന് പരിശോധിക്കാനും നടപടി സ്വീകരിക്കണം. ക്ഷീര കർഷകർക്ക് സൗജന്യമായി 24 മണിക്കൂറും വെറ്ററിനറി സേവനം ലഭ്യമാക്കാനും ആവശ്യമായ ഘട്ടങ്ങളിൽ ഇൻഷ്വറൻസ് ചെയ്യാത്ത പശുക്കൾക്ക് സഹായം നൽകാനും നടപടി സ്വീകരിക്കണം. പശുക്കളെമാത്രം വളർത്തി ഉപജീവനം നടത്തുന്നവർക്ക് പ്രോത്സാഹനവും സഹായവും ലഭ്യമാക്കാനാവശ്യമായ നയം രൂപീകരിക്കാനും സർക്കാരിന്റെ ആസൂത്രിതമായ സഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. രമ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിലൂടെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതങ്ങൾ എന്നിവയുടെ ഉത്പാദനവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി മന്ത്രി നടത്തുന്ന

പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. നിയമപ്രകാരമുള്ള ലൈസൻസ് നേടാനും പ്രാദേശികമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും അധികമായി പണം ചെലവഴിക്കേണ്ടിവരുന്നത് ചെറുകിട സംരംഭങ്ങളെ പ്രതിസന്ധിയിലാക്കുന്നതുമൂലം അവർ ഈ മേഖല വിട്ടുപോകാൻ ഇടയാകുന്നത് ഖേദകരമാണ്. തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവും ഇന്ധന വിലവർദ്ധനവുമൂലം അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും മറ്റ് തീറ്റവസ്തുക്കളുടെയുമൊക്കെ വില വർദ്ധനവും കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. അന്യസംസ്ഥാനങ്ങളിൽ തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് വില കുറയുമ്പോൾ വലിയ അളവിൽ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണുകൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ക്ഷീരകർഷകർക്ക് കർഷക സംഘങ്ങൾവഴി നൽകുന്ന കാലിത്തീറ്റയും പാലിന് നൽകുന്ന സബ്സിഡിയും വേനൽക്കാല ഇൻസെന്റീവും മുടങ്ങിക്കിടക്കുന്നത് ദൗർഭാഗ്യകരമാണ്. ചെലവേറിയ കാലിത്തീറ്റാധിഷ്ഠിത രീതിയിൽനിന്നും ചെലവ് കുറഞ്ഞ നാരധിഷ്ഠിത തീറ്റ രീതി നടപ്പാക്കുന്നത് ലാഭകരമാണ്. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കണം. സ്ത്രീ തൊഴിലാളികളാണ് കൂടുതലായി പ്രവർത്തിക്കുന്നതെന്ന്

കണക്കാക്കി അടിയന്തര ശ്രദ്ധ നൽകി ഈ മേഖലയെ ശക്തിപ്പെടുത്തണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കാലിത്തീറ്റ ക്ഷാമത്തിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിക്കണം. ആക്ടിലെ 19-ാം വകുപ്പിലെ വ്യവസ്ഥകൾ ലഘൂകരിച്ച് കന്നുകാലിത്തീറ്റ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. കാലിത്തീറ്റ നിർമ്മാണത്തിനായി ഗുണമേന്മ കുറഞ്ഞ വസ്തുക്കൾ ചേർക്കുന്നത് തടയാനുള്ള വ്യവസ്ഥയുണ്ടാകണം. സബ്സിഡികൾ നിർത്തലാക്കിയതോടെ ഗ്രാമീണ മേഖലയിലെ ക്ഷീരകർഷകരുടെ എണ്ണം കുറയുന്നുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മിൽമയുടെയും ക്ഷീരകർഷകരുടെയും ക്ഷേമത്തിനുവേണ്ടി നിർമ്മിച്ച സ്ഥാപനം പ്രവർത്തനക്ഷമമാക്കാനുള്ള ഇടപെടൽ നടത്തണം. പശുക്കളുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകിയാൽ കൂടുതൽ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനും പാലുൽപ്പാദനം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. കന്നുകുട്ടികൾക്കുണ്ടായിരുന്ന കാലിത്തീറ്റ പദ്ധതി

പുനരാരംഭിക്കുന്നതോടൊപ്പം കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിനും അവയുടെ പാലിന്റെ ഔഷധഗുണത്തെക്കുറിച്ച് പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. മമ്മിക്കുട്ടി): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമം കൊണ്ടുവരാനിടയായ സാഹചര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പാലിക്കേണ്ട ജാഗ്രതകൾ, നിയമപരമായ വ്യവസ്ഥകൾ, നിയമം ലംഘിച്ചാൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവയെ സംബന്ധിച്ച് ബില്ലിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള

വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇൻഡ്യയിൽ പാലിന്റെ ഉല്പാദനക്ഷമതയിൽ രണ്ടാം സ്ഥാനമാണ് കേരളത്തിനുള്ളത്. സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചതുമൂലമാണ് ആ നേട്ടം നമുക്കുണ്ടാക്കാൻ കഴിഞ്ഞത്. ക്ഷീരരംഗത്തെ സംരംഭക സൗഹൃദമാക്കുവാൻ പുതിയ സാങ്കേതികവിദ്യ കൊണ്ടുവരുന്നതിനും ഫാം ലൈസൻസ് ചട്ടങ്ങൾ ഉൾപ്പെടെ പരിഷ്കരിക്കാനും തീറ്റപ്പുൽ നയം പ്രഖ്യാപിക്കാനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. ലിംഗനിർണ്ണയം നടത്തിയ ബീജദാനം പ്രാവർത്തികമാക്കാനും ഭ്രൂണമാറ്റത്തിനുള്ള ആധുനിക സാങ്കേതികവിദ്യയുൾപ്പെടെ ഈ രംഗത്ത് നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. ക്ഷീരകർഷകരെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നൽകുന്നതിനുവേണ്ടി സ്വന്തമായി നിർമ്മിക്കുന്ന തീറ്റയെ ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനും കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും പുറത്തുനിന്നും കൊണ്ടുവരുന്ന കന്നുകാലിത്തീറ്റ പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ക്ഷീരകർഷകൻ

ടോൾഫ്രീ നമ്പറിൽ വിളിച്ചാൽ വീട്ടുമുറ്റത്ത് ഡോക്ടറുടെ സേവനവും വാഹനസേവനവും നൽകുന്നതിനുള്ള സംവിധാനം തിരുവനന്തപുരത്ത് ഏർപ്പെടുത്തിയുണ്ട്. ഈ ഓണക്കാലത്ത് പാലുല്പാദനരംഗത്ത് റെക്കോർഡ് കളക്ഷനാണ് മിൽമ കൈവരിച്ചിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 2 (ബി) യിലെ (i) ഇനത്തിൽ "എന്നിവ" എന്ന വാക്കിന് ശേഷം "ലേബലിംഗ്" എന്ന വാക്ക് ചേർക്കണം

197, 198, 199, 200, 201, 202, 205, 208, 209, 210, 211, 215, 217, 218, 223, 224, 230, 233, 234, 238, 239, 240, 244, 245, 246, 247,

248, 253,258, 265, 266, 268, 272, 273, 274, 276, 277, 290, 291, 293, 296, 300, 301, 302, 310, 315, 318, 335, 336, 338, 343 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

266. ഖണ്ഡം 2(എഫ്)-ൽ " തീറ്റവസ്തു" എന്നതിന് പകരം "തീറ്റ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

942 ഖണ്ഡം 3-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

“ കന്നുകാലിത്തീറ്റ/കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട/ നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ”

379, 386, 387, 388, 389 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

378. ഖണ്ഡം 3(3)-ൽ "ഉൽപാദിപ്പിക്കുന്നതിൽ" എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

395, 403, 411, 416 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

943. (i) ഖണ്ഡം 5(4) താഴെപ്പറയും പ്രകാരം മാറ്റുക.

" (4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുൻപാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്."

(ii) ഖണ്ഡം 5(6)-ൽ " നിശ്ചയിച്ചിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം " നിശ്ചയിച്ചിരിക്കേണ്ടതുമാണ്" എന്ന വാക്ക് ചേർക്കുക.

420, 421, 423, 427, 437, 438, 447, 448, 453, 459, 464, 473, 474, 478 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

432. ഖണ്ഡം 5(2)-ൽ "പകർപ്പ് " എന്നതിന് ശേഷം "അപേക്ഷ

നിരസിച്ച തീയതി മുതൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

483, 484, 488, 493 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

496-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

497. ഖണ്ഡം 7-ൽ "വിൽക്കുവാൻ" എന്നതിന് പകരം "വിൽക്കുവാനോ വിതരണം ചെയ്യാനോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

496-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

501, 503, 516, 517, 520 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

528, 531, 532, 537 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

526. ഖണ്ഡം 9-ന്റെ മാർജിനൽ ശീർഷകത്തിൽ

"നിർമ്മിക്കുന്നതിനുള്ള" എന്നതിന് പകരം "നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

541, 554, 561, 562, 572, 573, 583 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

പതിനൊന്നാം ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡത്തിൽ "പിഴ ചുമത്തുന്നതിനും" എന്നീ വാക്കുകൾക്ക് പകരം"ശിക്ഷ നൽകുന്നതിനും" എന്നീ വാക്കുകൾ ചേർക്കണം.

587, 588, 592, 605, 612, 618, 620 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

627, 628, 629, 630, 635 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

(1) 13-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡത്തിൽ "അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നും " എന്നീ വാക്കുകൾക്ക് പകരം "കൂടാതെ അംഗീകൃത ഏജന്റ്/ഡീലർ/നിർമ്മാതാവിൽ നിന്നും " എന്നീ വാക്കുകൾ ചേർക്കണം.

(2) 13-ാം ഖണ്ഡത്തിന്റെ (6)-ാം ഉപഖണ്ഡത്തിൽ "എന്നിരുന്നാലും " എന്ന വാക്കും ചിഹ്നവും "നിർണ്ണയിക്കപ്പെട്ട പ്രകാരത്തിൽ," എന്ന വാക്കുകളും, ചിഹ്നവും ഒഴിവാക്കേണ്ടതാണ്.

641, 650, 655, 656, 657, 661, 665, 666, 667, 670, 674, 683, 684, 685, 688, 692 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

638. ഖണ്ഡം 13(2)-ൽ "ഓഫീസറെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

677. ഖണ്ഡം 13(6)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാലാം വകുപ്പ്

694, 696 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

15-ാം വകുപ്പിന്റെ (4) ഉപവകുപ്പിൽ 3-ാം വാചകത്തിൽ " നോട്ടീസിൽ" എന്ന വാക്കിന് പകരം " പിടിച്ചെടുക്കൽ മഹസ്സറിൽ" എന്നീ വാക്കുകൾ ചേർക്കണമെന്നും തുടർന്നുള്ള വാചകങ്ങളിൽ യഥാക്രമം " നോട്ടീസിൽ", " നോട്ടീസിന്റെ" എന്നീ വാക്കുകൾ എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവയ്ക്കുപകരം യഥാക്രമം " മഹസ്സറിൽ" , " മഹസ്സറിന്റെ" എന്നീ വാക്കുകൾ ചേർക്കണം.

699, 700, 702, 703, 706, 707,708, 709, 710, 713, 714, 715, 716, 718 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള  പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനാറാം വകുപ്പ്

720, 723, 724, 725, 728 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

729, 730, 731, 733 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"പിടിച്ചെടുക്കുകയും", “ പിടിച്ചെടുക്കൽ" എന്നീ വാക്കുകൾക്ക് പകരം

യഥാക്രമം "കണ്ടുകെട്ടുകയും", "കണ്ടുകെട്ടൽ" എന്നീ വാക്കുകൾ ചേർക്കണം.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

19-ാം ഖണ്ഡത്തിന്റെ 1-ാം ഉപഖണ്ഡത്തിൽ "പിഴശിക്ഷ എന്ന വാക്കിനുപകരം "ശിക്ഷ" എന്ന വാക്ക് ചേർക്കണം.

751, 754, 755, 756 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ

ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

944. ഖണ്ഡം 20(1)(സി)-ൽ "ലൈസൻസ് അതോറിറ്റിക്ക്" എന്ന വാക്കുകൾക്ക് പകരം" ലൈസൻസിംഗ് അതോറിറ്റിക്ക്" എന്ന വാക്കുകൾ ചേർക്കുക.

759, 760, 763, 770, 776, 778, 781, 786, 789 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 774-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

ഖണ്ഡം 20(1)(സി)-ൽ "ഉൽപാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ" എന്നീ വാക്കുകൾക്ക് മുമ്പായി ", " ചിഹ്നം കൂടി ചേർക്കണം.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

776. ഖണ്ഡം 20(1)(സി)-ൽ "കന്നുകാലികൾക്ക്" എന്നതിന് പകരം "കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

796 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

22-ാം വകുപ്പിന്റെ (1) ഉപവകുപ്പിൽ "അതിനുശേഷം തുടരുന്നതോ ആയ" എന്നീ വാക്കുകൾക്ക് ശേഷം "കുറ്റങ്ങൾക്കും", എന്ന വാക്കും ചിഹ്നവും ചേർക്കണമെന്നും "കോഴിവർഗ്ഗത്തിന്റെയോ മരണം", എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഗുരുതരമായ" എന്ന വാക്കും ചേർക്കണം.

801, 802, 804, 810, 811, 812 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

813. ഖണ്ഡം 22(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "(1)-ാം" എന്നതിനു പകരം "(4)-ാം" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

816 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

823, 824, 825, 827, 831, 832, 834 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തഞ്ചാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

945. ഖണ്ഡം 25-ൽ "ഒരു വർഷം വരെയാകാവുന്ന തടവിനോ പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ" എന്ന വാക്കുകൾക്ക് പകരം "ആറു മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്തു ലക്ഷം രൂപവരെയാകാവുന്ന പിഴയും നൽകി" എന്ന വാക്കുകൾ ചേർക്കുക.

839-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

839-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

946 (i) ഖണ്ഡം 26(2)-ൽ " അംഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഖണ്ഡം 26(2)-ന്റെ (i)-ഉം (ii)-ഉം ഇനങ്ങളിൽ "ആന്റ്" എന്ന വാക്ക് ഒഴിവാക്കേണ്ടതും "എക്സ്-ഒഫീഷ്യോ" എന്ന വാക്കുകൾക്ക് "()" ചിഹ്നം ചേർക്കുകയും ചെയ്യുക.

851, 853, 855, 856, 865, 867 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

875, 880, 881, 886 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

877. ഖണ്ഡം 27(ബി)-ൽ "നിർദ്ദേശങ്ങൾ" എന്നതിന് പകരം "ശിപാർശകൾ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

889, 890, 891, 892, 894, 895, 898, 899 എന്നീ നമ്പർ

ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

894. ഖണ്ഡം 28(ബി)-ൽ "കോഴിവർഗ്ഗത്തീറ്റ" എന്നതിന് ശേഷം ",ധാതുലവണമിശ്രിതം" എന്ന ചിഹ്നവും വാക്കും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തൊൻപതാം വകുപ്പ്</u>

902-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

902-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പതാം വകുപ്പ്

(ഭേദഗതികളില്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയൊന്നാം വകുപ്പ്

908-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

908-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിരണ്ടാം വകുപ്പ്

(ഭേദഗതികളില്ല)

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിമൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

947. ഖണ്ഡം 33-ൽ "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും" എന്നീ വാക്കുകൾക്ക് ശേഷം "ലൈസൻസിംഗ് അതോറിറ്റിയും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

(ഭേദഗതികളില്ല)

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയഞ്ചാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയാറാം വകുപ്പ്</u>

925-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയേഴാം വകുപ്പ്</u>

927, 928 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയെട്ടാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊൻപതാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിച്ചില്ല.

മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

948. ഖണ്ഡം 40(1)-ൽ "2023" എന്ന അക്കങ്ങൾക്ക് പകരം "2022" എന്ന അക്കങ്ങൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

939. "അത്യാവശ്യമാണെന്ന് സർക്കാരിന് അഭിപ്രായമുള്ളതിനാൽ" എന്നീ വാക്കുകൾക്ക് പകരം "അത്യാവശ്യമായതിനാലും" എന്ന വാക്കും "വരുത്തുന്നതിനും" എന്ന വാക്കിന് പകരം

"വരുത്തേണ്ടതിനാലും" എന്ന വാക്കും "തടയുന്നതിനും" എന്ന വാക്കിന് പകരം "തടയേണ്ടതിനാലും" എന്ന വാക്കും ചേർക്കുക.

940. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.
"(2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

'ഉൽപാദന നിലവാരം പരിപാലിക്കുന്നതിനായി അവയുടെ' എന്നീ വാക്കുകൾ വിട്ടുകളയണം.

113, 114, 119, 127, 128, 132, 143, 144, 149, 159, 160, 161, 171, 174, 189, 190 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും

ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VII അറിയിപ്പ്

### മെഡിക്കൽ ക്യാമ്പ്

മി. സ്പീക്കർ: ജീവിതശൈലീ രോഗനിർണ്ണയത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട സാമാജികർക്ക് 14-09-2023-ന് രാവിലെ 7.00 മണി മുതൽ 9.30 വരെ നിയമസഭാ മന്ദിരത്തിൽ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ആരോഗ്യ വകുപ്പ് മെഡിക്കൽ ക്യാമ്പ് ക്രമീകരിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി (എ. ഐ.) ബന്ധപ്പെട്ട് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന ക്ലാസ് സഭാ സമ്മേളനം വൈകിയതിനാൽ നിയമസഭാ സാമാജികരുടെ പരിശീലന സമയത്ത് നടത്തുന്നതാണ്.

(സഭ രാത്രി 9.00 മണിക്ക് പിരിഞ്ഞു.)

******